# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുമേലി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 11/ 2187/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 01/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുമേലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി 11/ 2187/22 തീയ്യതി: 01/12/2022

## കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ബീനാകുമാരി സി. ആർ. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 18-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 18-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി പി. ആർ., ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ വി., ഓഡിറ്റ് ഓഫീസർ
ശ്രീ ഷാന്റി ജോർജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ഷാജിമോൻ പി. ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ ശിവരാജ് പി., സീനിയർ ഗ്രേഡ് ഓഡിറ്റർ (10/10/2022 മുതൽ 15/10/2022 വരെ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി തങ്കമ്മ ജോർജ്ജുകുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ എം. എൻ. വിജയൻ | സെക്രട്ടറി | 01-04-2021 | 30-04-2021 |
| ശ്രീ മണിയപ്പൻ പി. പി. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-05-2021 | 05-07-2021 |
| ശ്രീ വി. കെ. രാജീവ് | സെക്രട്ടറി | 06-07-2021 | 17-02-2022 |
| ശ്രീമതി രേണുകാദേവി അമ്മാൾ എസ്. | സെക്രട്ടറി | 18-02-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിവ്യ റ്റി. എൽ. | കൃഷി ഓഫീസർ | 01-04-2021 | 18-10-2021 |
| സിമി ഇബ്രാഹിം | കൃഷി ഓഫീസർ-ഇൻ ചാർജ് | 19-10-2021 | 04-01-2022 |
| രമ്യ എസ്. | കൃഷി ഓഫീസർ | 05-01-2022 | 31-03-2022 |
| ഡോ. അനിൽകുമാർ റ്റി. | വെറ്റിനറി സർജൻ | 01-04-2021 | 10-10-2021 |
| ഡോ. സുബിൻ എം. എസ്. | വെറ്റിനറി സർജൻ | 11-10-2021 | 11-01-2022 |
| ഡോ. സണ്ണി മാത്യൂ | വെറ്റിനറി സർജൻ | 12-01-2022 | 04-03-2022 |
| ഡോ. സുബിൻ എം. എസ്. | വെറ്റിനറി സർജൻ | 05-03-2022 | 31-03-2022 |
| ഡോ. സീന എം. ഇസ്മയിൽ | മെഡിക്കൽ ഓഫീസർ-CHC | 01-04-2021 | 31-03-2022 |
| ഡോ. രഞ്ജിത്ത് | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. ബേനസീർ കെ. എ. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ബ്ലെസി ജോഷി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2021 | 25-08-2021 |

| | | | |
|---|---|---|---|
| കണ്ണൻ പി. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 26-08-2021 | 31-03-2022 |
| അജേഷ് വി. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(എരുമേലി) | 01-04-2021 | 31-03-2022 |
| സന്തോഷ് കുമാർ കെ. ദേവ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ(ചേനപ്പാടി) | 01-04-2021 | 31-03-2022 |
| ഷീല പി. ബി. | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ജിസ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2021 | 13-10-2021 |
| പാർവതി ചന്ദ്രൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 14-10-2021 | 22-11-2021 |
| ദേവി വി. ആർ. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 29-11-2021 | 31-03-2022 |
| സിസൺ തോമസ് | ഹെഡ്മിസ്ട്രസ്-ഗവ. വെൽഫെയർ LPS മുട്ടപ്പള്ളി | 01-04-2021 | 31-03-2022 |
| അഖിൽ എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ-LSGD | 01-04-2021 | 31-03-2022 |
| കെ. ഇ. തോമസുകുട്ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-04-2021 |
| ഷാജി പി. എം. | അസിസ്റ്റന്റ് സെക്രട്ടറി | 14-07-2021 | 31-03-2022 |

01/05/2021 മുതൽ 13/07/2021 വരെ അസിസ്റ്റന്റെ് സെക്രട്ടറി തസ്തിക ഒഴിവായിരുന്നു.23/11/2021 മുതൽ 28/11/2021 വരെ ഡയറി എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക ഒഴിവായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്-വിശകലനം | 1-1 |
| 2 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വെറ്റിനറി സർജന്റെ രസീത് ബുക്കിന്റെ ഉപയോഗത്തിൽ അപാകത | 1-11 |
| 12 | പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിലൂടെയുള്ള ധനവിനിമയത്തിൽ അപാകതകൾ | 1-12 |
| 13 | ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് പാർട്ട് ബിൽ ഫൈനൽ ബിൽ ക്രമീകരണം നടത്തുന്നില്ല | 1-13 |
| 14 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല-ഗ്രാന്റ് വിനിയോഗത്തിൽ അപാകത | 1-14 |
| 15 | 1.14 കോടി രൂപയുടെ അഡ്വാൻസിന്റെ വിശദാംശം ലഭ്യമല്ല | 1-15 |
| 16 | വസ്തുനികുതി- 52 ലക്ഷം കുടിശിക | 1-16 |
| 17 | 2.5 ലക്ഷം രൂപ ലേലതുക കുടിശികയുടെ വിശദാംശമില്ല-തനത് വരുമാനം നഷ്ടപ്പെടാൻ സാധ്യത | 1-17 |
| 18 | സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല | 1-18 |
| 19 | സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി | 1-19 |
| 20 | സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല | 1-20 |
| 21 | കുത്തകക്കാരുടെ വാടക നിക്ഷേപം ഈടാക്കുന്നില്ല | 1-21 |
| 22 | വാടക കുടിശിക കണക്കുകളിൽ അവ്യക്തത-9.73 ലക്ഷം രൂപയുടെ വിശദാംശമില്ല | 1-22 |
| 23 | റബ്ബർ മാർക്ക് ക്രമ്പ് റബ്ബർ ഫാക്ടറിയിലെ ജീവനക്കാരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-23 |
| 24 | ലൈസൻസ് നടപടിക്രമങ്ങളിലെ അപാകതകൾ | 1-24 |
| 25 | ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല | 1-25 |

| | | |
|---|---|---|
| 26 | ക്വോറം തികയാതെ ഗ്രാമസഭയോഗങ്ങൾ നടത്തുന്നു | 1-26 |
| 27 | പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു | 1-27 |
| 28 | ശബരിമല സെപ്ഷ്യൽ ഗ്രാന്റ് | 1-28 |
| 29 | ശബരിമല തീർത്ഥാടന കാലത്ത് കുളികടവുകളിൽ അപകട സൂചന ബോർഡുകൾ സ്ഥാപിക്കൽ | 1-29 |
| 30 | ശബരിമല തീർത്ഥാടനം- മാലിന്യം നീക്കൽ- വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല | 1-30 |
| 31 | സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ ,റിപ്പയറിംഗ് പ്രോജക്ടുകൾ സംബന്ധിച്ച് | 1-31 |
| 32 | വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല ചെലവ് തടസ്സപ്പെടുത്തുന്നു | 1-32 |
| 33 | ബാലസഭ പ്രവർത്തനങ്ങൾക്കായി പിൻവലിച്ച തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല | 1-33 |
| 34 | കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങൾ അവലോകനം | 1-34 |
| 35 | ലൈഫ് ഭവന പദ്ധതി- രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചു. | 1-35 |
| 36 | വീട് വാസയോഗ്യമാക്കൽ(ടി.എസ്.പി)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല. | 1-36 |
| 37 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്. | 1-37 |
| 38 | ലൈഫ് ഭവന പദ്ധതി( ജനറൽ )- ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല. | 1-38 |
| 39 | അഗതിരഹിത കേരളം-വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല. | 1-39 |
| 40 | പഠനമുറി (ടി.എസ്.പി.)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല | 1-40 |
| 41 | ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല. | 1-41 |
| 42 | ഗാർഹിക കക്കൂസ് മെയിന്റനൻസ് -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ | 1-42 |
| 43 | വികസനഫണ്ടിൽ നിന്നും പിൻവലിച്ച 1700000/ രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല. | 1-43 |
| 44 | ഗാർഹിക കക്കൂസ് നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല | 1-44 |
| 45 | വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | 1-45 |
| 46 | ഭവന പുനരുദ്ധാരണം (ജനറൽ) ഫയൽ സൂക്ഷിപ്പിൽ അപാകതകൾ | 1-46 |
| 47 | കാലിബാരലുകൾ വില ഈടാക്കാത്തത് | 1-47 |
| 48 | അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച | 1-48 |

| | | |
|---|---|---|
| 49 | കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെട്ട പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല. | 1-49 |
| 50 | ബയോഫ്ലോക്ക് മൽസ്യകൃഷി ഒരു ഗുണഭോക്താവിന് ഒന്നിലധികം യൂണിറ്റിന് സബ്‌സിഡി അനുവദിച്ചു | 1-50 |
| 51 | കന്നുകുട്ടി പരിപാലനം - പ്രോജക്ട് സംബന്ധിച്ച് | 1-51 |
| 52 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല | 1-52 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഗാർഹിക കക്കൂസ് മെയിന്റനൻസ് -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്-വിശകലനം

2021-22 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 20/02/2021 തീയതിയിലെ 1(1)-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 113,098,022/- | 22,582,326/- |
| വരവ് | 455,588,000/- | 169,409,070/- |
| ആകെ | 568,686,022/- | 191,991,396/- |
| ചെലവ് | 479,343,100/- | 165,510,822/- |
| നീക്കിയിരിപ്പ് | 89,342,922/- | 26,480,574/- |

ബജറ്റ് പ്രകാരം 45.58 കോടി രൂപയുടെ പ്രതീക്ഷിത വരവും 47.93 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2020-21 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 25.29 കോടി രൂപയും ചെലവ് 25.74 കോടി രൂപയുമാണ്. മുൻ വർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലമാണ് യഥാർത്ഥ കണക്കുകളും ബജറ്റ് പ്രതീക്ഷിത കണക്കുകളും തമ്മിൽ വലിയ അന്തരമുണ്ടായത്. മുന്നിരിപ്പ്-നീക്കിയിരിപ്പ് ബജറ്റിൽ കണക്കാക്കിയതും വലിയ അന്തരത്തിലാണെന്ന് കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 224-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളിലെ അപാകതകൾ

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 252,891,347/- രൂപയും ചെലവ് 257,405,877/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 4,514,530/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 135,766,189/- രൂപയും ബാധ്യതകളുടെ മൂല്യം 85,605,700/- രൂപയും ജനറൽ ഫണ്ട് 50,161,089/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2022 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. ആധികാരികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങളുടെ 320700104, 320700204, 320700205, 320700404 ശീർഷകങ്ങളിൽ 31/03/2022 ലെ നീക്കിയിരിപ്പ് ഏതെല്ലാം പ്രോജക്ടുകൾക്ക് ലഭിച്ച ഗ്രാന്റാണ് എന്നതിന്റെ വിവരം ലഭ്യമല്ല. എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ സംയുക്ത പ്രോജക്ട് ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം പരിശോധിക്കാൻ സാധിച്ചിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട

ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

4. 31/03/2022-ലെ ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂൾ പ്രകാരം 350800299 ശീർഷകത്തിലെ 99,894/- രൂപ ഏതിനം ഫണ്ടാണെന്ന് വ്യക്തമല്ല.
5. സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
6. ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബി-4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് ഇ-ഗ്രാമസ്വരാജ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.
7. സ്റ്റേൽ ചെക്ക് ശീർഷകത്തിലെ തുകയുടെ വിശദാംശം രജിസ്റ്റർ സൂക്ഷിച്ച് നിരീക്ഷിക്കുന്നില്ല. തുകയുടെ ക്രമീകരണത്തിന്റെ വിശദാംശം ലഭ്യമല്ല.
8. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി മൂല്യ ശോഷണം അക്കൌണ്ട് ചെയ്തതിന്റെ വിശദാംശം ലഭ്യമല്ല.
9. 412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല. മുന്നിരിപ്പായി നിലനിന്നിരുന്നതുക ഫൈനൽ ബിൽ നൽകിയപ്പോൾ ക്രമീകരണം നടത്തിയിട്ടില്ല.
10. വാടക കുടിശികയിനത്തിൽ 31/03/2022-ൽ ലഭിക്കാനുള്ള തുക ഏതെല്ലാം കുത്തകക്കാരാണ് ഒടുക്കാനുള്ളതെന്ന് ഡിമാന്റ് രജിസ്റ്ററിൽ വിശദാംശമില്ല.
11. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
12. Prior Period ആയി ക്രമീകരിച്ച വസ്തുനികുതി 300,403/-, ട്രേഡർ തൊഴിൽ നികുതി 10,431/- എന്നിവയുടെ വിശദാംശം ലഭ്യമല്ല.
13. 350410101,350410102,350410301 ശീർഷകങ്ങളിലെ യഥാക്രമം വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് അക്രൂവൽ വരവുകളുടെ മുൻകൂറുകൾ ക്രമീകരിച്ചതിന്റെ വിശദാംശം ഡിമാന്റ് രജിസ്റ്ററുകളിൽ ലഭ്യമല്ല.
14. കെ.എസ്.ഇ.ബി.-യിൽ നിക്ഷേപിച്ച 2,443,809/- രൂപയുടെ നിക്ഷേപം ഡെപോസിറ്റായി അക്കൌണ്ട് ചെയ്തിട്ടില്ല.
15. B-18 ഷെഡ്യൂൾ പ്രകാരം 1.1376 കോടി രൂപ നിക്ഷേപത്തിന്റെ വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല.
16. SSA വിഹിതം 2.15 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൌണ്ട് ചെയ്തിട്ടില്ല.
17. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ വിശദീകരണമോ രേഖകളോ ലഭ്യമല്ല.
18. വിവിധ അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. B-18 ഷെഡ്യൂൾ പ്രകാരമുള്ള അഡ്വാൻസ്/ഡെപോസിറ്റ് തുകകളുടെ വിശദാംശം ലഭ്യമല്ല.
19. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
20. എസ്.ബി.റ്റി ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ മാർച്ച്-2022 റീക്കൺസിലേഷൻ പത്രികയിൽ 127273/- രൂപ 'Denited By Bank' എന്ന് ചേർത്തിരിക്കുന്നു. തുകയുടെ ആധികാരികത വ്യക്തമല്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 22,582,326/- |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 169,409,070/- |
| ആകെ | 191,991,396/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 165,510,822/- |
| നീക്കിയിരിപ്പ് | 26,480,574/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 12,007,244/- |

## 1-4 ഫണ്ട് വിനിയോഗം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം രേഖപ്പെടുത്തുന്നതിന് എ.സി.ആർ. സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും പട്ടികയിൽ ഉൾപ്പെടുത്തുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 30,567,751/- | 30,567,751/- | 29,764,250/- | 803,501/- | 97.37 |
| വികസന ഫണ്ട്-SCSP | 0 | 16,640,992/- | 16,640,992/- | 15,636,000/- | 1,004,992/- | 93.96 |
| വികസന ഫണ്ട്- TSP | 0 | 3,298,100/- | 3,298,100/- | 2,677,126/- | 620,974/- | 81.17 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 0 | 10,140,577/- | 10,140,577/- | 7,351,543/- | 2,789,034/- | 72.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied | 0 | 14,429,800/- | 14,429,800/- | 2,618,775/- | 11,811,025/- | 18.15 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 21,884,519/- | 21,884,519/- | 18,518,013/- | 3,366,506/- | 84.62 |
| മെയിന്റനൻസ് ഗ്രാന്റ്- Non Road | 0 | 11,695,287/- | 11,695,287/- | 4,751,883/- | 6,943,404/- | 40.63 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 1,280,377/- | 0 | 1,280,377/- | 210,000/- | 1,070,377/- | - |
| SSA ഫണ്ട് | 26,988/- | 1,497/- | 28,485/- | 0 | 28,485/- | - |
| ICDS ഫണ്ട് | 1,178,653/- | 1,668,482/- | 2,847,135/- | 1,185,591/- | 1,661,544/- | - |
| കേന്ദ്രഫണ്ട് | 230,900/- | 0 | 230,900/- | 0 | 230,900/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 2,433,683/- | 0 | 2,433,683/- | 539,999/- | 1,893,684/- | - |
| എസ്.റ്റി. ഗ്രാന്റ് | 2,165,041/- | 0 | 2,165,041/- | 582,526/- | 1,582,515/- | - |
| ശബരിമല ഗ്രാന്റ് | 4,053,356/- | 3,750,000/- | 7,803,356/- | 1,847,024/- | 5,956,332 | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 2,036,992/- | 0 | 2,036,992/- | 2,031,992/- | 5,000/- | - |

| | | | | | | |
|---|---|---|---|---|---|---|
| പകർച്ചവ്യാധി നിയന്ത്രണ ഗ്രാന്റ് | 500,000/- | 0 | 500,000/- | 500,000/- | 0 | - |
| സാക്ഷരത ഫണ്ട് | 0 | 14,780/- | 14,780/- | 14,780/- | 0 | - |
| സമ്പൂർണ്ണ ശുചിത്വം | 1,646,050/- | 230,000/- | 1,876,050/- | 0 | 1,876,050/- | - |
| ലൈഫ് മിഷൻ | 2,439,996/- | 740,000/- | 3,179,996/- | 740,000/- | 2,439,996/- | - |
| ബ്ലോക്ക് പഞ്ചായത്ത് (മൂലധന ചെലവ്) | 1,975,346/- | 0 | 1,975,346/- | 0 | 1,975,346/- | - |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ ചെലവ്) | 3,956,207/- | 0 | 3,956,207/- | 812,897/- | 3,143,310/- | - |
| ജില്ല പഞ്ചായത്ത് (റവന്യൂ ചെലവ്) | 159,932/- | 0 | 159,932/- | 0 | 159,932/- | - |
| ബ്ലോക്ക് പഞ്ചായത്ത് പ്രത്യേക ഫണ്ട് | 15,000/- | 0 | 15,000/- | 0 | 15,000/- | - |
| ഗുണഭോക്തൃ വിഹിതം | 4,575/- | 847,190/- | 851,765/- | 832,190/- | 19,575/- | - |
| ക്യാപ്പിറ്റൽ ഫണ്ട് | 1,187,000/- | 0 | 1,187,000/- | 0 | 1,187,000/- | - |
| Epidemic Control | 10,750/- | 709,784/- | 720,534/- | 709,784/- | 10,750/- | - |
| നിർമ്മൽ പുരസ്കാരം | 245,020/- | 0 | 245,020/- | 0 | 245,020/- | - |

വികസന ഫണ്ടിന്റെ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ സ്രോതസ്സിൽ കുറവ് ചെയ്ത തുകകളാണ്. വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയിൽ ബജറ്റ് അലോട്ട്മെന്റിന് പുറമേ 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം അധിക അലോട്ട്മെന്റ് മുൻവർഷത്തെ ചെലവഴിക്കാതെ ലാപ്സായ തുക ക്യാരി ഓവറായി ലഭിച്ചിട്ടുണ്ട്. കൂടാതെ മെയിന്റനൻസ് ഗ്രാന്റ്-Non Road ഫണ്ടിൽ നിന്ന് വോട്ടിങ്ങ് മെഷീൻ ചാർജായി 2020-21 വർഷം കുറവു ചെയ്ത തുക 79,387/- രൂപ തൻവർഷം 24/02/2022-ലെ സ.ഉ.(സാധാ) നം.1276/2022/ധന പ്രകാരം പ്രത്യേക അലോട്ട്മെന്റായി ലഭിച്ചിട്ടുണ്ട്.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഫണ്ടുകളിൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി 07/10/2021 ലെ G.O.(Rt) No.6591/2021/Fin പ്രകാരം മുൻവർഷം ലാപ്സായ തുക തൻവർഷം ലഭിച്ചിട്ടുണ്ട്. വിവിധ ഗ്രാന്റിനങ്ങളിൽ ലഭിച്ച അധിക അലോട്ട്മെന്റിന്റെയും സ്രോതസ്സിൽ കുറവ് ചെയ്തതിന്റെയും വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| സർക്കാർ ഗ്രാന്റ് - ഇനം | സംസ്ഥാന ബജറ്റ് അലോട്ട്മെന്റ് | അധിക/ ക്യാരി ഓവർ അലോട്ട്മെന്റ് | ആകെ ലഭിച്ച അലോട്ട്മെന്റ് | സ്രോതസ്സിൽ കുറവ് ചെയ്ത തുക (ജി.ഓ. പ്രോജക്ട്) | ആകെ അറ്റ അലോട്ട്മെന്റ് |
|---|---|---|---|---|---|
| വികസന ഫണ്ട്-General | 30,441,000/- | 126,751/- | 30,567,751/- | 354/22-686,200/-<br>357/22-686,200/-<br>390/22-686,200/-<br>355/22-205,333/-<br>358/22-990,000/-<br>392/22-1,057,267/-<br>ആകെ-4,311,200/- | 26,256,551/- |
| വികസന ഫണ്ട്-SCSP | 15,636,000/- | 1,004,992/- | 16,640,992/- | 359/22-359,333/-<br>393/22-378,147/-<br>356/22-352,000/-<br>ആകെ-1,089,480/- | 15,551,512/- |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-TSP | 2,896,000/- | 402,100/- | 3,298,100/- | 360/22-36,667/-<br>394/22-38,586/-<br>ആകെ-75,253/ | 3,222,847/- |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 10,831,000/- | 784,900/-<br>79,387/- | 11,695,287/- | ഇല്ല | 11,695,287/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 20,325,000/- | 1,559,519/- | 21,884,519/- | ഇല്ല | 21,884,519/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied | 5,668,000/- | 4,355,039/-<br>117,538/- | 10,140,577/- | ഇല്ല | 10,140,577/- |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied | 8,502,000/- | 5,927,800/- | 14,429,800/- | ഇല്ല | 14,429,800/- |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ 2021-22 വർഷത്തെ ബജറ്റ് അലോട്ട്മെന്റ്(Tied 85.02 ലക്ഷം രൂപ, Untied 56.68 ലക്ഷം രൂപ) പഞ്ചായത്തിന്റെ ഇ-ഗ്രാമ സ്വരാജിനായി ആരംഭിച്ച ബാങ്ക് അക്കൗണ്ടിലും(ഫെഡറൽ ബാങ്ക് എരുമേലി ശാഖ അക്കൗണ്ട് നം.11400100198166) മുൻവർഷത്തെ ക്യാരിഓവർ വിഹിതം ട്രഷറിയിൽ അലോട്ട്മെന്റായുമാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടിൽ ലഭിച്ച പലിശ 117,538/- രൂപ അൺടൈഡ് ഗ്രാന്റിനത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. ആകെ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ ചെലവഴിക്കാതെയുള്ള തുക 14,600,059/- രൂപയിൽ7,260,639/- രൂപ ബാങ്കിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു. ട്രഷറി അലോട്ട്മെന്റായി ലഭിച്ച തുകയിൽ ചെലവഴിക്കാത്ത 7,339,420/- രൂപയാണ് പഞ്ചായത്തിന് ലാപ്സായത്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് എന്നിവ അക്കൗണ്ട് ചെയ്തതിലെയും ഫണ്ടിന്റെ വിനിമയത്തിലെയും പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ സംബന്ധിച്ച് വാർഷിക കണക്കുകൾ, ചെലവ് പത്രിക എന്നിവ പരിശോധിച്ച് ബോധ്യപ്പെട്ടതുമായ അപാകതകൾ താഴെ വിവരിക്കുന്നു.

1. ഗ്രാന്റ് പത്രികയിൽ വിവിധ സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് സ്രോതസ്സിൽ കുറവ് ചെയ്ത തുക ഉൾപ്പെട്ടിട്ടില്ല. എന്നാൽ ചെലവ് സ്രോതസ്സിൽ കുറവ് ചെയ്യപ്പെട്ട തുകകൾ ജി.ഓ. പ്രോജക്ടായി ക്രമീകരിച്ചത് ഉൾപ്പടെയാണ്. ആയതിനാൽ ഫണ്ടുകളുടെ യഥാർത്ഥ നീക്കിയിരിപ്പ് ഗ്രാന്റ് പത്രികയിൽ പ്രതിഫലിക്കുന്നില്ല.
2. ഗ്രാന്റ് പത്രിക പ്രകാരമുള്ള മേഖലാടിസ്ഥാനത്തിലുള്ള ചെലവ് കണക്കുകൾ സുലേഖ ചെലവ് പത്രികയിലെ ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
3. ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ രണ്ടാം ഗഡു (ടൈഡ് ഫണ്ട്-42.51 ലക്ഷം, അൺടൈഡ് ഫണ്ട്-28.34 ലക്ഷം) ഇ-ഗ്രാമ സ്വരാജ് ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ലഭിച്ച വരവ് 2021-22 ധനകാര്യ പത്രിക റിസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.
4. മെയിന്റനൻസ് ഗ്രാന്റ് മൂന്നാംഗഡു റോഡ് ഗ്രാന്റ് 41.11 ലക്ഷം രൂപ, നോൺ റോഡ് ഗ്രാന്റ് 36.1 ലക്ഷം രൂപ അലോട്ട്മെന്റ് ലഭിച്ചത് ഗ്രാന്റ് അലോട്ട്മെന്റായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ ടി ഗ്രാന്റിന്റെ അലോട്ട്മെന്റിൽ മൂന്നാം ഗഡുവിന്റെ കുറവ് എ.സി.ആറിലും ഗ്രാന്റ് പത്രികയിലും നിലനിൽക്കുന്നു.
5. മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിനത്തിൽ 2020-21 വർഷം തദ്ദേശ ഭരണ ഇലക്ഷൻ സമയത്ത് വോട്ടിങ്ങ് മെഷീൻ ഫീസായി കുറവ് ചെയ്ത തുക 2021-22 വർഷം തിരികെ അലോട്ട്മെന്റായി ലഭിച്ചത് 79,387/- രൂപ അക്കൗണ്ട് ചെയ്തിട്ടില്ല.
6. 31/03/2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന പ്രകാരം വികസന ഫണ്ട്(General, SCSP, TSP), മെയിന്റനൻസ് ഗ്രാന്റ്(Road, Non-Road) ഇനങ്ങളിൽ അധിക അലോട്ട്മെന്റായി ലഭിച്ച തുകകൾ മുകളിൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നവ അലോട്ട്മെന്റായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.
7. ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied ഫണ്ടിൽ ഉൾപ്പെടുന്ന 2021-22 വർഷത്തെ പ്രസ്തുത ഫണ്ട് സൂക്ഷിക്കുന്ന ബാങ്ക് അക്കൗണ്ടിലെ പലിശ 117,538/- രൂപ അലോട്ട്മെന്റായി അക്കൗണ്ട്

ചെയ്യപ്പെട്ടിട്ടില്ല. ആയതിനാൽ എ.സി.ആറിലും ഗ്രാന്റ് പത്രികയിലും അലോട്ട്മെന്റിൽ ടി തുകയുടെ അലോട്ട്മെന്റ് കുറവായി പ്രതിഫലിക്കുന്നു.

8. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ, ഗുണഭോക്തൃ വിഹിതം തുടങ്ങിയവയുടെ മുന്നിരിപ്പ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ ഉദ്ദേശ്യം, പ്രോജക്റ്റ്, ലഭിച്ച കാലയളവ്, ലഭ്യമാക്കിയ ഏജൻസി തുടങ്ങിയ വിവരങ്ങൾ ഒന്നും ലഭ്യമല്ല.
9. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ ചെലവഴിക്കുമ്പോൾ എ.സി.ആർ. ഇടപാടുകൾ നടക്കുന്ന സമയത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. പല ഫണ്ടുകളുടെയും വിനിമയ കണക്കുകളിൽ അവ്യക്തതയും അപാകതകളും നിലനിൽക്കുന്നു. ഉദാഹരണമായി ICDS ഫണ്ട് ധനകാര്യ പത്രിക പ്രകാരം 1,185,591/- രൂപ ചെലവുണ്ട്. എന്നാൽ സുലേഖ ചെലവ് പത്രികയിൽ ടി ഫണ്ടിന്റെ പ്രേജക്റ്റ് ചെലവ് 92,000/- രൂപ മാത്രമാണ് കാണുന്നത്.
10. ശബരിമല ഗ്രാന്റ് ചെലവ് സംസ്ഥാനാവിഷ്കൃത വിഹിതമായി ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരമുള്ള 1,847,024/- രൂപ ചെലവ് തുകയുടെ കൃത്യതയും ആധികാരികതയും വ്യക്തമല്ല.
11. ഗുണഭോക്തൃ വിഹിതം തുകയുടെ വരവ്-ചെലവ് ധനകാര്യ പത്രിക പ്രകാരമുള്ളത് സുലേഖ ചെലവ് പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
12. ജില്ല-ബ്ലോക്ക് പഞ്ചായത്ത് വിഹിതങ്ങൾ പഞ്ചായത്ത് ഫണ്ടിലെ മുന്നിരിപ്പ് ഏത് പ്രോജക്റ്റുകൾക്കാണെന്ന് എ.സി.ആറിൽ ലഭ്യമല്ല. 2021-22 വർഷം പ്രോജക്റ്റ് ചെലവ് 812,897/- രൂപ കൃത്യമായ ശീർഷകത്തിലെ ഫണ്ടിൽ നിന്നാണോ എന്നത് വ്യക്തതയില്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ, കോൺട്രിബ്യൂഷനുകൾ എന്നിവയുടെ 2021-22 എ.സി.ആർ. തയ്യാറാക്കി മുന്നിരിപ്പിന്റെ എല്ലാ വിശദാംശങ്ങളും(ലഭിച്ച കാലയളവ്,ഉദ്ദേശ്യം,പ്രോജക്റ്റ്,ലഭ്യമാക്കിയ സർക്കാർ അതോറിറ്റി) സാക്ഷ്യപ്പെടുത്തി ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഹാജരാക്കേണ്ടതാണ്. സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അപാകതകളും കണക്കുകൾ സാധൂകരിക്കുന്ന രേഖകളുടെ അഭാവവും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് ഈ റിപ്പോർട്ടിന്റെ അനുബന്ധം-2 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകുന്നത് എന്നത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 23.01.2021 ലെ 2(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 28.1.2021 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 23.1.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 11.2.2021 മുതൽ 14.2.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 22.2.2021ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭകളും വികലാംഗ ഗ്രാമസഭയും ചേർന്നിരുന്നില്ല. ഊരുകൂട്ടം 18.2.2021 ൽ യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 24.2.2021ലെ I(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 18.3.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 315 | 414531501 | 208 | 98767810 | 107 | 66 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 990000 | 6 | 789999 |
| വെറ്റിനറി സർജൻ | 9 | 8450500 | 7 | 4423900 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 5 | 4405000 | 4 | 2384426 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 700000 | 1 | 700000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 400000 | 1 | 400000 |
| വി.ഇ.ഒ | 32 | 279152147 | 25 | 32221990 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 13684064 | 5 | 10594501 |
| സെക്രട്ടറി | 55 | 32365139 | 31 | 12757062 |
| അസിസ്റ്റന്റ് എൻജിനീയർ | 182 | 63489651 | 120 | 28328856 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 2 | 6003000 | 2 | 1295076 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 2550000 | 1 | 2550000 |
| അസിസ്റ്റന്റ് സെക്രട്ടറി | 5 | 2342000 | 5 | 2322000 |
| ആകെ | 315 | 414531501 | 208 | 98767810 |

12739377 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 12739377/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 30567751 | 29764250 | 803501 |
| വികസന ഫണ്ട് (എസ്.സി.പി) | 16640992 | 15636000 | 1004992 |
| വികസന ഫണ്ട് (ടി.എസ്.പി) | 3298100 | 2677126 | 620974 |

| | | | |
|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 21884519 | 18518013 | 3366506 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 11695287 | 4751883 | 6943404 |
| ആകെ | | | 12739377 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 127 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി എന്നിവയിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

- നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 81 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 8147665/- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 8041861/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 20512/- രൂപയുടെ വിനിയോഗ വിവരവും, പി.ഡബ്യൂ.ഡി യിൽ നിക്ഷേപിച്ച 85292/ രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ടസംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷം സാങ്കേതിക അനുമതി ലഭിച്ച 220 പ്രോജക്ടുകളിൽ 212 എണ്ണവും തൻവർഷം നടപ്പിലാക്കി. 83031 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1370 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. മഴക്കുഴി, കയ്യാല നിർമ്മാണം, കൃഷിക്ക് നിലം ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ.MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| മുന്നിരിപ്പ് | | 5,18,226.50 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 3,36,42,129.77 |

| | | |
|---|---|---|
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 6,68,029.00 |
| ആകെ വരവ് | | 34828385.27 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 2,52,73.852 |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 16,33,975 |
| | സാധന വില | 67,34,302.77 |
| | സാധന വില, വാടക | 1,140.00 |
| | ഭരണ ചെലവുകൾ | 8,96,056.50 |
| ആകെ ചെലവ് | | 3,45,39,326.27 |
| | നീക്കിയിരിപ്പ് | 2,89,059 |

പഞ്ചായത്ത് വാർഷികകണക്കുമായി വരവു ചെലവുകൾ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ വാർഷിക കണക്ക് അവലോകനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2021-22 വർഷം എരുമേലി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 27,720/- | 14 |
| വാർദ്ധക്യകാലപെൻഷൻ | 56,723,200/- | 4038 |
| കർഷകതൊഴിലാളി പെൻഷൻ | 3,671,000/- | 240 |
| വിധവാപെൻഷൻ | 20,834,800/- | 1395 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 746,600/- | 52 |
| വികലാംഗപെൻഷൻ | 8,598,900/- | 575 |
| വിവാഹ ധനസഹായം | 510,000/- | 17 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2021-22 വാർഷിക കണക്കുകളുടെ ഓഡിറ്റിന്റെ ഭാഗമായി എരുമേലി ഗ്രാമപഞ്ചായത്തിൽ അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ 11/10/2022 തീയതിയിൽ 03:15 PM സമയത്ത് നടത്തുകയുണ്ടായി. പരിശോധനയിൽ 35,072/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം സാമാന്യം തൃപ്തികരമാണ്. ഗ്രാമ പഞ്ചായത്തിൽ 1.4.2022 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. വിവിധ സ്ഥാപനങ്ങളിലേക്ക് ഒടുക്കുവാനുള്ള തുകകളുടെ വിവരം രേഖപ്പെടുത്തി രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇപ്രകാരമുള്ള വിനിമയങ്ങളുടെ സുതാര്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല.

2. വിവിധ ഏജൻസികളിൽ നിക്ഷേപിക്കുന്ന തുകകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി നിക്ഷേപപ്രവൃത്തികളുടെ നിർമ്മാണം നിരീക്ഷിക്കുന്നില്ല.

3. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല

4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ സൂക്ഷിക്കുന്നില്ല

5. ലേല രജിസ്റ്ററിന്റെ പരിപാലനം തൃപ്തികരമല്ല

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/11/2019 | 10/2019 | A10-162/2019 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 17/06/2017-01/07/2017 | 2015-16 മുതൽ 2016-17 വരെ | LBA(HQ)II/8A-2647/330 Dated 16/02/2018 |

## 1-11 വെറ്ററിനറി സർജന്റെ രസീത് ബുക്കിന്റെ ഉപയോഗത്തിൽ അപാകത

2021-22 വർഷത്തെ കറവപ്പശു കാലിത്തീറ്റ വിതരണം പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതം പിരിവിനായി ഉപയോഗിച്ച രസീത് ബുക്കുകളുടെ ഉപയോഗക്രമത്തിൽ അപാകതകൾ ഉള്ളതായി കാണുന്നു.

- രസീത് ബുക്ക് നം.1338 ലെ 1 മുതൽ 71 വരെയുള്ള രസീതുകൾ ഡബിൾ സൈഡ് കാർബൺ ഇല്ലാതെയാണ് എഴുതിയിരിക്കുന്നത്.
- രസീത് ബുക്ക് നം.1340 ലെ 9 നം. രസീത് പ്രകാരം പ്രകാശ് ആശാരിപറമ്പിൽ എന്ന വ്യക്തിയിൽ നിന്ന് ജനറൽ വിഭാഗം എന്ന് രേഖപ്പെടുത്തി 1,345/- രൂപ ഈടാക്കിയ ശേഷം 673/- രൂപ മാത്രമാണ് 22/01/2022 ലെ 121020105205 നം. രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത്(കളക്ഷൻ രജിസ്റ്റർ പേജ്.42). തുക ഒടുക്കിൽ 672/- രൂപ കുറവുണ്ട്.
- രസീത് ബുക്ക് നം.9352 ലെ 1 മുതൽ 30 വരെയാണ് 2021-22 വർഷം വിനിയോഗിച്ചത്. ബാക്കി 31 മുതൽ 100 വരെ രസീതുകൾ ക്യാൻസൽ ചെയ്യാതെ 2022-23 വർഷം രസീതുകൾ നൽകിയിരിക്കുന്നു.

രസീത് ബുക്ക് പ്രകാരം വാങ്ങിയ തുക 672/- രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാതിരുന്നതിനും മറ്റ് അപാകതകൾക്കും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.2/2021-22/ 13.10.2022) നൽകിയതിന് ക്ലറിക്കൽ എറർ മൂലമാണ് രസീത് ബുക്കിന്റെ ഉപയോഗത്തിലെ അപാകത സംഭവിച്ചത് എന്നും സാമ്പത്തിക ക്രമക്കേട് നടന്നിട്ടില്ല എന്നും മറുപടി നൽകി. രസീത് എഴുതിയതിൽ ഒടുക്കാനുണ്ടായിരുന്ന 672/- രൂപ 15/10/2022 ലെ 1220203518/G051101 നം. രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. വെറ്ററിനറി സർജന്റെ രസീത് ബുക്കിന്റെ ഉപയോഗത്തിലെ സാമ്പത്തിക സുതാര്യത ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്. രസീത് ഉപയോഗത്തിലെ അപാകതകൾ ആവർത്തിക്കാതിരിക്കാൻ കൃത്യമായ നിർദ്ദേശം വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് രസീത് ബുക്ക് വിതരണ വേളയിൽ നൽകേണ്ടതാണ്.

## 1-12 പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടുകളിലൂടെയുള്ള ധനവിനിമയത്തിൽ അപാകതകൾ

പഞ്ചായത്തിന്റെ വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്കുള്ള പണം അടവാക്കൽ, പിൻവലിക്കൽ എന്നിവയിൽ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു. ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലേഷൻ പത്രിക പ്രകാരം നിലനിൽക്കുന്ന അപാകതകൾ ചുവടെ വിവരിക്കുന്നു.

- എസ്.ബി.റ്റി. ഇ-പേമെന്റ് അക്കൗണ്ട്(നം.3688606715) മാർച്ച്-2022 ലെ റീക്കൺസിലേഷൻ പത്രിക പ്രകാരം 127,273/- രൂപ Directly Debited By Bank എന്ന് കാണുന്നു. ഇടപാട് അക്കൗണ്ട് ചെയ്യാതെ ബാങ്ക് സ്റ്റേമെന്റിൽ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്താൻ 31/03/2022 ൽ ക്രമീകരണം നടത്തിയതായി കാണുന്നു. ചെലവഴിക്കാതെ ബാങ്കിൽ നേരിട്ട് കുറവ് ചെയ്തതായി കണക്കാക്കിയതിന്റെ കാരണം വ്യക്തമല്ല.
- എസ്.ബി.റ്റി. ഇ-പേമെന്റ് അക്കൗണ്ടിൽ 17,781/- രൂപയുടെ ചെക്കുകൾ മുൻവർഷം ലഭിച്ചത് എൻക്യാഷ് ചെയ്തിട്ടില്ല എന്ന് കാണുന്നു.
- എരുമേലി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ 2019 സെപ്റ്റംബർ മാസം ലഭിച്ച 1,250/- രൂപയുടെ ചെക്ക് (നം.016526) എൻക്യാഷ് ചെയ്തിട്ടില്ല എന്ന് മാർച്ച്-2022 റീക്കൺസിലേഷൻ പത്രികയിൽ കാണുന്നു. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ചെക്ക് പണമാക്കാതിരുന്നതിനാൽ ടി തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായതായി കാണുന്നു.
- 450250102-Treasury_Own Fund-VPFA-1-2 അക്കൗണ്ടിൽ 2,263/- രൂപ നീക്കിയിരിപ്പ് കാണുന്നു. എന്നാൽ ടി അക്കൗണ്ട് ട്രഷറിയിൽ നിലനിൽക്കുന്നതായി കാണുന്നില്ല. സ്റ്റേമെന്റ് ലഭ്യമാക്കിയില്ല.

ധനവിനിയോഗത്തിൽ നിലനിൽക്കുന്ന മേൽപറഞ്ഞ അപാകതകൾക്കും പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച ചെക്കുകൾ യഥാസമയം എൻക്യാഷ് ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.15/2021-22/16.10.2022) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ വിവിധ ക്രമീകരണങ്ങൾ നടത്തുന്നതാണ് എന്നറിയിച്ചു. എസ്.ബി.റ്റി ഇ-പേമെന്റ് അക്കൗണ്ടിലെ ക്രമീകരിച്ച 1,27,273/- രൂപയുടെ വിശദാംശം കണ്ടെത്തി റീക്കൺസിയേഷൻ കൃത്യമാക്കേണ്ടതാണ്. എൻക്യാഷ് ചെയ്യപ്പെടാത്ത ചെക്ക് തുകയും ക്രമീകരിക്കേണ്ടതാണ്. എന്നാ നടപടികളും പൂർത്തിയാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## 1-13 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് പാർട്ട് ബിൽ ഫൈനൽ ബിൽ ക്രമീകരണം നടത്തുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബിൽ നൽകിയതിന് ശേഷം ഫൈനൽ ബിൽ നൽകുമ്പോൾ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തുന്നില്ല. പാർട്ട് ബിൽ ക്രമീകരണം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 01/04/2021 ലെ മുന്നിരിപ്പ് 68,35,517/- രൂപ 2021-22 വർഷം കഴിഞ്ഞിട്ടും ക്രമീകരിക്കാതെ നീക്കിയിരിപ്പായി തുടരുന്നു. കൃത്യമായ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്താതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.14/2021-22/16.10.2022) നൽകിയതിന് പാർട്ട് ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നതിനും ബന്ധപ്പെട്ട് അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമെന്നാണ് മറുപടി നൽകിയത്. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് രജിസ്റ്റർ തയ്യാറാക്കി ഫൈനൽ ബിൽ നൽകിയ പ്രോജക്ടുകൾ ക്രമീകരിച്ച് വിശദാംശം അറിയിക്കേണ്ടതാണ്. ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് രജിസ്റ്ററിൽ മുന്നിരിപ്പ്, പ്രോജക്ട് ക്രമീകരണം വിശദാംശം, സാമ്പത്തിക വർഷത്തെ കണക്കുകളുടെ സംക്ഷിപ്തം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

## 1-14 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിക്കുന്നില്ല-ഗ്രാന്റ് വിനിയോഗത്തിൽ അപാകത

പഞ്ചായത്തിന്റെ 31/03/2022 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം 3.37 കോടി രൂപ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ് നീക്കിയിരിപ്പുള്ളതായി കാണുന്നു. ടി ഗ്രാന്റുകളുടെ 2021-22 വർഷത്തെ വിനിയോഗം, മുന്നിരിപ്പ് തുക തുടങ്ങിയവയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി എ.സി.ആർ. സെക്രട്ടറി

സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിന്റെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. ഗ്രാന്റ് വിനിയോഗത്തിലെ കണക്കുകളിലും ചെലവ് പത്രിക, ധനകാര്യ പത്രിക എന്നിവയിലെ കണക്കുകളിലും അപാകത നിലനിൽക്കുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

ICDS സെൻട്രൽ ഫണ്ട് ധനകാര്യ പത്രിക പ്രകാരം 11,85,591/- രൂപയാണ് ചെലവ്. എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം പ്രോജക്ട് നം.16/22 പ്രകാരം ICDS സെൻട്രൽ ഫണ്ട് ചെലവ് 95,815/- രൂപ മാത്രമാണ് 2021-22 വർഷം ടി ഫണ്ടിൽ നിന്നുള്ള ചെലവ്. ചെലവ് അക്കൗണ്ട് ചെയ്തതിൽ കണക്കുകളിൽ അവ്യക്തത നിലനിൽക്കുന്നു.

ശബരിമല ഗ്രാന്റിന്റെ 2021-22 വർഷത്തെ ചെലവ് ധനകാര്യ പത്രിക പ്രകാരം 18,47,024/- രൂപയാണ്. എന്നാൽ ടി തുക സംസ്ഥാനാവിഷ്കൃത ഫണ്ട് ചെലവായി ചെലവ് പത്രികയിൽ പ്രതിഫലിക്കുന്നില്ല. പ്രോജക്ടിതര ഫണ്ടായി തുക ചെലവഴിച്ചെങ്കിൽ ആയതിന്റെ വിശദാംശവും എ.സി.ആർ. സൂക്ഷിക്കാത്തതിനാൽ വ്യക്തമല്ല.

പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സാക്ഷ്യപ്പെടുത്തി കണക്കുകൾ സൂക്ഷിക്കാത്തതിനും മേൽവിവരിച്ച പ്രകാരം അപാകതകൾ നിലനിൽക്കുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.12/2021-22/16.10.2022) നൽകിയിരുന്നു. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം സംബന്ധിച്ച എ.സി.ആർ. മുൻവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ച് മുന്നിരിപ്പ് വിശദാംശമുൾപ്പടെ കണ്ടെത്തി രജിസ്റ്റർ തയ്യാറാക്കി ലഭ്യമാക്കുമെന്ന് മറുപടി നൽകി. എല്ലാ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും കോൺട്രിബ്യൂഷനുകളുടെയും എ.സി.ആർ. മുന്നിരിപ്പ് വിശദാംശങ്ങൾ ഉൾപ്പടെ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

### 1-15 1.14 കോടി രൂപയുടെ അഡ്വാൻസിന്റെ വിശദാംശം ലഭ്യമല്ല

പഞ്ചായത്തിന്റെ 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം 1,13,76,057/- രൂപ ഡെപോസിറ്റ് പ്രവൃത്തികൾ, വിവിധ മുൻകൂറുകൾ എന്നീ ഇനങ്ങളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു. ടി തുകകൾ നിക്ഷേപിച്ച കാലയളവ്, പ്രോജക്ട് തുടങ്ങിയ വിരങ്ങൾ അഡ്വാൻസ് രജിസ്റ്ററിൽ ലഭ്യമല്ല. 460509901-Advance To Others ശീർഷകത്തിൽ 1,66,438/- രൂപ നെഗറ്റീവ് ബാലൻസ് കാണിക്കുന്നു. 2021-22 വർഷം കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ച 24 ലക്ഷം രൂപ നിക്ഷേപ ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ അഡ്വാൻസുകളുടെ വിശദാംശം സൂക്ഷിക്കാതിരിക്കുകയും തൻവർഷം നിക്ഷേപിച്ച തുക നിക്ഷേപമായി അക്കൗണ്ട് ചെയ്യാതിരുന്നതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.13/2021-22/16.10.2022) നൽകിയിരുന്നു. അഡ്വാൻസ് തുകകൾ ക്രമീകരിക്കുന്നതാണ് എന്നും രജിസ്റ്റർ സൂക്ഷിക്കുന്നതാണ് എന്നും മറുപടി നൽകി. 460509901-Advance To Others ശീർഷകത്തിലെ നെഗറ്റീവ് ബാലൻസ് തുക 2022-23 വർഷം ക്രമീകരിച്ചതായും അറിയിച്ചു.

2021-22 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ മുന്നിരിപ്പിന്റെ എല്ലാ വിശദാംശവും(തുക സ്വീകരിച്ച വ്യക്തി അല്ലെങ്കിൽ സ്ഥാപനം, കാലയളവ്) ഉൾപ്പെടുത്തി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. 2022-23 വർഷം 460509901 ശീർഷകത്തിലെ നെഗ്റ്റീവ് ബാലൻസ് ക്രമീകരിച്ചതിന്റെ അനുബന്ധ രേഖകളും ലഭ്യമാക്കേണ്ടതാണ്.

### 1-16 വസ്തുനികുതി- 52 ലക്ഷം കുടിശിക

വസ്തുനികുതി കുടിശിക 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനവശേഷിക്കുന്നവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | അക്രുവൽ വരവിനം ലഭിക്കാനുള്ളത് | ലഭിക്കാനുള്ള തുക |
|---|---|---|
| 1. | Property Tax-Residnetial(Current) | 950,579/- |
| 2. | Property Tax-Non-Residnetial(Current) | 1,185,727/- |

| | | |
|---|---|---|
| 3. | Property Tax-Residnetial(Arrear) | 1,297,876/- |
| 4. | Property Tax-Non-Residnetial(Arrear) | 1,765,099/- |
| ആകെ | | 5,199,281/- |

വസ്തുനികുതി സഞ്ചയ ഡേറ്റാബേസ് പ്രകാരമുള്ള ഡി.സി.ബി. കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഓരോ വർഷത്തെയും ഡിമാന്റ് കൃത്യമായി നിർണ്ണയിച്ച് അക്രൂവൽ ചെയ്ത് നികുതി ഈടാക്കേണ്ടതാണ്. കുടിശിക നികുതി അടവാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

1-17 2.5 ലക്ഷം രൂപ ലേലതുക കുടിശികയുടെ വിശദാംശമില്ല-തനത് വരുമാനം നഷ്ടപ്പെടാൻ സാധ്യത

ഗ്രാമപഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം 250,150/- രൂപ വിവിധ ലേലങ്ങളുടെ കുടിശികയായി അവശേഷിക്കുന്നു. മുൻവർഷങ്ങളിൽ ലഭിക്കേണ്ടിയിരുന്ന ലേലതുക ഒടുക്കേണ്ട വ്യക്തി/സ്ഥാപനം., ഏത് സാമ്പത്തികവർഷത്തെ ലേലതുകയാണ് തുടങ്ങിയ വിവരങ്ങൾ ഒന്നും ലേല രജിസ്റ്ററിൽ ലഭ്യമല്ല. ധനകാര്യ പത്രിക പ്രകാരം ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാംഖ്യ കണക്ക് ശീർഷകം | കുടിശിക തുക |
|---|---|---|
| 1. | 431400104-Rent Receivable From Lease Of Lands(Arrears) | 11,000/- |
| 2. | 431400106-Receivables Towards Market Receipts(Arrears) | 83,550/- |
| 3. | 431400108-Receivables Towards Bus Stand Receipts(Arrears) | 144,000/- |
| 4. | 431400112-Receivables Towards Comfort Station Receipts(Arrears) | 11,600/- |
| ആകെ ലഭിക്കാനുള്ള കുടിശിക | | 250,150/- |

ലേല കുടിശിക ഒടുക്കാനുള്ളവരുടെ വിവരം ലഭ്യമല്ലാത്തതും തുക കുടിശികയായി നിലനിൽക്കുന്നതും തനത് വരുമാനത്തിന്റെ നഷ്ടത്തിന് ഇടയാക്കുന്നു. പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കാനുള്ള 250,150/- രൂപയുടെ വിശദാംശം സൂക്ഷിക്കാതിരുന്നതിനും കുടിശിക ഈടാക്കാതിരുന്നതിനും രേഖാമൂലം വിശദീകരണവും ഇത് സംബന്ധിച്ച് ഏതെങ്കിലും രേഖകൾ പഞ്ചായത്തിൽ ലഭ്യമെങ്കിൽ ആയതും ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.1/2021-22/13.10.2022) നൽകിയിരുന്നു. ശ്രീ അൻസാരി, മോഹനൻ പാറയ്ക്കൽ എന്നീ വ്യക്തികൾ യഥാക്രമം 144,000/- രൂപ 65,000/- രൂപ എന്നിങ്ങനെ ഒടുക്കാനുള്ളത് ഒഴിവാക്കുന്നതിനായി അപേക്ഷ സമർപ്പിച്ചതിൻമേൽ സർക്കാരിലേക്ക് പഞ്ചായത്ത് ഭരണസമിതി ശുപാർശ നൽകുന്നതായും ബാക്കി 41,150/- രൂപ ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു.

ലേല തുകയുടെ കുടിശിക ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കി കുടിശിക തുക മുഴുവനും ഏതെല്ലാം വ്യക്തി അല്ലെങ്കിൽ സ്ഥാപനങ്ങളാണ് ഒടുക്കാനുള്ളത് എന്ന് കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. കുടിശിക തുകയുടെ അടവ് വിവരവും തുടർനടപടികളും മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

1-18 സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല

2021-22 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കാണുന്നു. പഞ്ചായത്തിലെ സ്ഥാപനങ്ങളുടെ ലിസ്റ്റ്, ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി

ഒടുക്കാത്ത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനം | 2021-22 നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|---|
| 1. | സാന്തോം പബ്ലിക് സ്കൂൾ, എരുമേലി | II |
| 2. | ഷെർഡിക്സ് ഇന്റർനാഷണൽ പ്രീ സ്കൂൾ, എരുമേലി | I & II |
| 3. | കാത്തലിക്ക് സിറിയൻ ബാങ്ക്, ചേനപ്പാടി | II |
| 4. | മൊബൈൽ ഫാം എയ്ഡ് യൂണിറ്റ്, എരുമേലി | I |
| 5. | സോഷ്യൽ ഫോറസ്ട്രീ റേഞ്ച് ഓഫീസ്, എരുമേലി | II |
| 6. | ആശിർവാദ് മൈക്രോ ഫിനാൻസ്, എരുമേലി | I & II |
| 7. | മിനി മുത്തൂറ്റ് നിധി കെ. എരുമേലി | I & II |
| 8. | എരുമേലി എസ്റ്റേറ്റ്, എരുമേലി | II |
| 9. | പ്രിയ നേഴ്സിങ്ങ് ഹോം , എരുമേലി | I & II |
| 10. | സെന്റ് മേരീസ് സ്കൂൾ കോൺവെന്റ്, എലിവാലിക്കര | II |
| 11. | കണമല മിൽക്ക് പ്രോഡക്ട് സഹകരണ സംഘം, കണമല | I & II |
| 12. | ആറാട്ടുകയം ക്ഷീരോൽപാദക സഹകരണ സംഘം, കണമല | I & II |
| 13. | ഫോറെയിൻ സർവ്വീസ് & കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 14. | അസീസി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്, മുക്കൂട്ടുതറ | I & II |
| 15. | റ്റി.പി. ബാങ്കേഴ്സ് , എരുമേലി | I & II |
| 16. | മുണ്ടയ്ക്കൽ ബാങ്കേഴ്സ് , എരുമേലി | I & II |
| 17. | മേമന ഫിനാൻസിയോഴ്സ്, മുക്കൂട്ടുതറ | I & II |
| 18. | കണമല സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇരുമ്പൂന്നിക്കര | I & II |
| 19. | കരിനാട്ട് ഫിനാൻസ്, മുക്കൂട്ടുതറ | I & II |
| 20. | കണ്ടത്തിൽ ഗോൾഡ് ലോൺ, മുക്കൂട്ടുതറ | I & II |
| 21. | ചാലക്കുടി ബാങ്കേഴ്സ്, എരുമേലി | I & II |
| 22. | രാജ് ഫിനാൻസിയേഴ്സ്, എരുമേലി | I & II |
| 23. | സപ്ലൈക്കോ ഔട്ട്ലെറ്റ്, എരുമേലി | I & II |
| 24. | റിലൈൻസ് ജിയോ പോയിന്റ്, എരുമേലി | I & II |
| 25. | മുത്തൂറ്റ് ഹെൽത്ത് പ്ലസ്, എരുമേലി | I & II |
| 26. | പുലിക്കോട്ട് ക്രഡിറ്റ് & ഇൻവെസ്റ്റ്മെന്റ്, എരുമേലി | I & II |
| 27. | മുളമൂട്ടിൽ ഫിനാൻസ്, ഇടകടത്തി | II |
| 28. | മുളമൂട്ടിൽ ഫിനാൻസ്, മുട്ടപ്പള്ളി | II |
| 29. | അസ്റ്റോറിയ നിധി, എരുമേലി | II |
| 30. | ഹിന്ദുസ്ഥാൻ കോളേജ് ഓഫ് പാരാമെഡിക്കൽ, കിഴക്കേക്കര | II |

ജീവനക്കാരുടെ തൊഴിൽ നികുതി ഗ്രാമപഞ്ചായത്തിന് അതാത് സാമ്പത്തിക വർഷത്തെ നികുതി വരുമാനം ആയതിനാൽ സമയബന്ധിതമായി നികുതി വരുമാനം ഒടുക്കാതിരിക്കുന്നത് തനത് വരുമാന നഷ്ടത്തിന് ഇടയാക്കുന്നതാണ്. തനത് നികുതി വരുമാനത്തിലുണ്ടായ കുറവിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.3/2021-22/14.10.2022) നൽകിയതിന് മറുപടി ലഭ്യമായില്ല.

2021-22 വർഷത്തെ തൊഴിൽ നികുതി ഈടാക്കി Prior Period Tax ഇനത്തിൽ അക്കൗണ്ട്

ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ഈടാക്കി ബന്ധപ്പെട്ട രേഖകളുടെയും രസീതുകളുടെയും സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-19 സ്ഥാപന തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കി

2021-22 വർഷം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിരുന്ന വിവിധ സ്വകാര്യ സ്ഥാപനങ്ങളുടെ ടേൺ ഓവർ അടിസ്ഥാനത്തിലുള്ള തൊഴിൽ നികുതി ഡിമാന്റിൽ നിന്ന് ഒഴിവാക്കിയതായി കാണുന്നു. സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പഞ്ചായത്തിൽ ലഭ്യമായ കളക്ഷൻ റിപ്പോർട്ട് പ്രകാരം ധാരാളം സ്ഥാപനങ്ങൾ നികുതി ഒടുക്കാത്തതായും ചില സ്ഥാപനങ്ങൾ ഒരു അർദ്ധവർഷം മാത്രം നികുതി ഒടുക്കി രണ്ടാം അർദ്ധവർഷം കുടിശികയാക്കിയതായും കാണുന്നു. എന്നാൽ പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപന തൊഴിൽ നികുതി കുടിശികയില്ല. തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങളെ ഒഴിവാക്കി നികുതി 100% പിരിച്ചെടുത്തതായാണ് ധനകാര്യപത്രികയിൽ ഡിമാന്റ് കണക്കാക്കിയിരിക്കുന്നത്. ഡിമാന്റ് രജിസ്റ്ററിലെ വിവരങ്ങൾ ക്രോഡീകരിച്ച് 2021-22 ഡി.സി.ബി. പത്രിക തയ്യാറാക്കിയിട്ടില്ല. നികുതി വരുമാനം സംബന്ധിച്ച കൃത്യമായ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരിക്കുകയും നികുതി തുക ഡിമാന്റിൽ നിന്ന് 29 സ്ഥാപനങ്ങളെ ഒഴിവാക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.4/2021-22 /14.10.2022) നൽകിയതിന് 18 എണ്ണം സ്ഥാപനങ്ങൾ 2022-23 വർഷം കുടിശികയായി തൊഴിൽ നികുതി ഒടുക്കിയതായി മറുപടി നൽകി. ബാക്കി 11 സ്ഥാപനങ്ങൾ നികുതി ഒടുക്കാതിരുന്നിട്ടും വാർഷിക കണക്കിലെ ഡിമാന്റിൽ ഉൾപ്പെടാത്തതുമാണ്. പ്രസ്തുത സ്ഥാപനങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | 2021-22 ഡിമാന്റ് തുക | ഒടുക്കിയ നികുതി | ഒഴിവാക്കിയ കുടിശിക |
|---|---|---|---|---|
| 1. | പ്രിയ നേഴ്സിങ്ങ് ഹോം , എരുമേലി | 2500 | ഇല്ല | 2500 |
| 2. | കണമല മിൽക്ക് പ്രോഡക്ട് സഹകരണ സംഘം, കണമല | 2500 | ഇല്ല | 2500 |
| 3. | ആറാട്ടുകയം ക്ഷീരോൽപാദക സഹകരണ സംഘം, കണമല | 2500 | ഇല്ല | 2500 |
| 4. | റ്റി.പി. ബാങ്കേഴ്സ് , എരുമേലി | 2500 | ഇല്ല | 2500 |
| 5. | കരിനാട്ട് ഫിനാൻസ്, മുക്കൂട്ടുതറ | 2500 | ഇല്ല | 2500 |
| 6. | കണ്ടത്തിൽ ഗോൾഡ് ലോൺ, മുക്കൂട്ടുതറ | 2500 | ഇല്ല | 2500 |
| 7. | ചാലക്കുടി ബാങ്കേഴ്സ്, എരുമേലി | 2500 | ഇല്ല | 2500 |
| 8. | രാജ് ഫിനാൻസിയേഴ്സ്, എരുമേലി | 2500 | ഇല്ല | 2500 |
| 9.. | സപ്ലൈക്കോ ഔട്ട്ലെറ്റ്, എരുമേലി | 2500 | ഇല്ല | 2500 |
| 10. | അസ്റ്റോറിയ നിധി, എരുമേലി | 2500 | ഇല്ല | 2500 |
| 11. | ഹിന്ദുസ്ഥാൻ കോളേജ് ഓഫ് പാരാമെഡിക്കൽ, കിഴക്കേക്കര | 2500 | ഇല്ല | 2500 |

നികുതി ഒടുക്കാത്ത സ്ഥാപനങ്ങളുടെ ടേണോവർ അടിസ്ഥാനത്തിൽ 2021-22 വർഷത്തെ തൊഴിൽ നികുതി നിലവിൽ 2022-23 വർഷം കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. തൊഴിൽ നികുതി കുടിശിക ഡി.സി.ബി. തൊഴിൽ നികുതി തൻവർഷ ഡി.സി.ബി. എന്നിവ പ്രത്യേകം തയ്യാറാക്കേണ്ടതാണ്. മേൽവിവരിച്ച സ്ഥാപനങ്ങളുടെ 2021-22 വർഷത്തെ തൊഴിൽ നികുതി അടവാക്കിയ ശേഷം നികുതി കുടിശികയുടെ ഡി.സി.ബി. പത്രിക, ഡി.സി.ബി. സംക്ഷിപ്തം എന്നിവ

തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്.

1-20 സ്വകാര്യ സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള സോഫ്റ്റ്‌വെയർ സ്ഥാപനങ്ങൾ, അതിഥി മന്ദിരങ്ങൾ/ലോഡ്ജുകൾ, കെട്ടിട നിർമ്മാണ പ്ലാൻ ഏജൻസികൾ തുടങ്ങിയ ധാരാളം സ്ഥാപനങ്ങൾ 2021-22 തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല (ഡിമാന്റ് രജിസ്റ്റർ പ്രകാരം). പഞ്ചായത്തിന്റെ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേരുവിവരവും വിശദാംശവും താഴെ ചേർക്കുന്നു. (ഗൂഗിൾ മാപ്പ് സൈറ്റ് പരിശോധിച്ചതിൽ പ്രകാരം)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നടത്തുന്ന പ്രവർത്തനം |
|---|---|---|
| 1. | MTH ഇൻഫോടെക്ക് സൊല്യൂഷൻസ്, എരുമേലി | സോഫ്റ്റ്‌വെയർ |
| 2. | മാസ്റ്റേഴ്സ് ഇന്ത്യ ജി.എസ്.റ്റി. കൺസൾട്ടന്റ്സ്, എരുമേലി | കൺസൾട്ടൻസി |
| 3. | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ്, എരുമേലി | ഇൻഷുറൻസ് |
| 4. | ESI ലോജിസ്റ്റിക്സ് കൊറിയർ സർവ്വീസ്, എരുമേലി | കൊറിയർ സർവ്വീസ് |
| 5. | എരുമേലി ന്യൂസ്, എരുമേലി | ന്യൂസ് സെന്റർ |
| 6. | അക്ഷയ ന്യൂസ് ഏജൻസി, എരുമേലി | ന്യൂസ് സെന്റർ |
| 7. | വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ, എരുമേലി | ഡിജിറ്റൽ മണി ട്രാൻസ്ഫർ |
| 8. | വടക്കേടത്ത് ബിൽഡേഴ്സ്, എരുമേലി | കെട്ടിട നിർമ്മാണ കമ്പനി |
| 9. | ഡ്രീം ഹോം ബിൽഡേഴ്സ്, എരുമേലി | കെട്ടിട നിർമ്മാണ കമ്പനി |
| 10. | കണ്ണേട്ടിൽ ബിൽഡേഴ്സ് & ഡെവലപ്പേഴ്സ്, എരുമേലി | കെട്ടിട നിർമ്മാണ കമ്പനി |
| 11. | ടീം ഫോർ ഇന്റീരിയേഴ്സ്, എരുമേലി | കെട്ടിട നിർമ്മാണ കമ്പനി |
| 12. | സി.പി.എം. ചിട്ട് ഫണ്ട് ലിമിറ്റഡ്, എരുമേലി | ഫിനാൻസ് |

2021-22 വർഷം സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാതിരുന്നത് പഞ്ചായത്തിന്റെ നികുതി വരുമാനത്തിൽ കുറവുണ്ടാക്കിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയിനത്തിലും തനത് വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റിലെ മേൽപറഞ്ഞ അപാകതയ്ക്കും നികുതി വരുമാന ചോർച്ചയ്ക്കും ഇടയാക്കിയതിന് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.5/2021-22/14.10.2022) നൽകിയതിന് ടി സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതിയും ജീവനക്കാരുടെ തൊഴിൽ നികുതിയും ഈടാക്കാൻ നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

പഞ്ചായത്തിലെ 23 വാർഡുകളിലും ഫീൽഡ് പരിശോധനയിലൂടെയും വസ്തുനികുതി ഡേറ്റാബേസിന്റെയും സഹായത്തോടെയും പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപന തൊഴിൽ നികുതി ബാധകമായ എല്ലാ സ്ഥാപനങ്ങളെയും ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്. മേൽപറഞ്ഞ സ്ഥാപനങ്ങളുടെ ടോണോവർ അടിസ്ഥാനത്തിൽ 2021-22 വർഷത്തെ തൊഴിൽ നികുതി നിലവിൽ കുടിശിക ഡിമാന്റിൽ ഉൾപ്പെടുത്തി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഡിമാന്റ്, ഈടാക്കി നടപടികൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ മറുപടി നൽകേണ്ടതാണ്.

1-21 കുത്തകക്കാരുടെ വാടക നിക്ഷേപം ഈടാക്കുന്നില്ല

2021-22 വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 53 മുറികളാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ഡി.സി.ബി. പത്രിക പ്രകാരം 17.53 ലക്ഷം രൂപയാണ് വാടക ഡിമാന്റ് (കോവിഡ്-19 വാടക ഇളവ് നൽകിയ 2.75 ലക്ഷം രൂപ ഒഴിവാക്കിയാണ് ധനകാര്യ പത്രിക പ്രകാരം വാടക ഡിമാന്റ്). 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 82,806/- രൂപ മാത്രമാണ് വാടക നിക്ഷേപമായി പഞ്ചായത്ത് ഫണ്ടിലുള്ളത്. എന്നാൽ നിക്ഷേപം അടവാക്കിയത് ഏതെല്ലാം കുത്തകക്കാരാണ് എന്നത് സംബന്ധിച്ച കണക്ക് സൂക്ഷിച്ചിട്ടില്ല. വാടക ഡിമാന്റ് രജിസ്റ്ററിൽ ഏതാനും കുത്തകക്കാരുടെ നിക്ഷേപ തുക എഴുതിയിട്ടുണ്ടെങ്കിലും ആയത് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കൃത്യമായ വാടക നിക്ഷേപം കുത്തകക്കാരിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കാതിരുന്നതിനാൽ വാടകയിനത്തിൽ 31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം നിലനിൽക്കുന്ന കുടിശിക 13.74 ലക്ഷം രൂപ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.

17.5 ലക്ഷം രൂപ വാർഷിക വാടക ഡിമാന്റുള്ള പഞ്ചായത്തിൽ 82,806/- രൂപ മാത്രം വാടക നിക്ഷേപമുള്ളതായി നിലനിൽക്കുന്നതിൽ നിന്ന്. മിക്ക കുത്തകക്കാരും വാടക നിക്ഷേപം ഒടുക്കാതെയാണ് തുടരുന്നത് എന്നാണ് വാർഷിക കണക്ക പ്രകാരം വ്യക്തമാകുന്നത്. വാടക നിക്ഷേപം ഈടാക്കാതെ മുറികൾ വാടകയ്ക്ക് നൽകിയതിനാലാണ് 13.74 ലക്ഷം രൂപ വാടക കുടിശിക നിലനിൽക്കുന്നതും ടി തുക മുതൽക്കൂട്ടുന്നതിന് പഞ്ചായത്തിന് സാധിക്കാതെ വന്നതും. അപാകതയ്ക്കും വലിയ വാടക കുടിശിക നിലനിൽക്കുന്നതിനും കൃത്യമായ കണക്കുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാതിരുന്നതിനും വ്യക്തമായ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.6/2021-22/14.10.2022) നൽകിയിരുന്നു. 25 വർഷം മുൻപ് മുറികൾ ലേലം കൊണ്ട കുത്തകക്കാരുടെ വാടക നിക്ഷേപത്തിന്റെ കണക്കുകൾ പഞ്ചായത്തിൽ ലഭ്യമല്ല എന്നും 2016-17 വർഷം മുതൽ ലേലം കൊണ്ട കുത്തകക്കാരുടെ 6 മാസത്തെ വാടകയ്ക്ക് തുല്യമായ തുക വാടക നിക്ഷേപമായി ഈടാക്കുന്നതായും മറുപടി നൽകി.

നിലവിലുള്ള എല്ലാ കുത്തകക്കാരിൽ നിന്നും വാടക നിക്ഷേപം പഞ്ചായത്തിൽ അടവാക്കിയ ശേഷം കൃത്യമായ കണക്കുകൾ ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വാടക നിക്ഷേപ രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതാണ്. വാടക കുടിശിക വരുത്തിയ കുത്തകക്കാരുടെ നിക്ഷേപം കണ്ടുകെട്ടി കുത്തകക്കാരെ ഒഴിപ്പിക്കാൻ ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി കർശന നടപടി സ്വീകരിക്കേണ്ടതാണ്.

1-22 വാടക കുടിശിക കണക്കുകളിൽ അവ്യക്തത-9.73 ലക്ഷം രൂപയുടെ വിശദാംശമില്ല

പഞ്ചായത്തിന്റെ 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം 2021-22 വർഷത്തെ വാടക കുടിശിക 404,470/- രൂപയും മുൻവർഷങ്ങളിലെ കുടിശിക 969,093/- രൂപയുമാണ്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന ഡിമാന്റ് രജിസ്റ്റർ, ഡി.സി.ബി. എന്നിവ പ്രകാരം കുടിശിക തുകയിൽ വ്യത്യാസം ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | ഡി.സി.ബി. പ്രകാരം | AFS പ്രകാരം | വ്യത്യാസം |
|---|---|---|---|
| 2021-22 വർഷത്തെ വാടക കുടിശിക | 369,413/- | 404,470/- | 35,057/- |
| മുൻവർഷങ്ങളിലെ കുടിശിക | 31,346/- | 969,093/- | 937,747/- |
| ആകെ | 400,759/- | 1,373,563/- | 972,804/- |

31/03/2022 ലെ വാടക കുടിശികയായി അവശേഷിക്കുന്ന 9.73 ലക്ഷം രൂപ ഏതെല്ലാം കുത്തകക്കാർ ഏത് കാലയളവിൽ ഒടുക്കാനുള്ളതാണ് എന്നതിന്റെ വിശദാംശം സൂക്ഷിക്കാത്തത് ടി തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമാകുന്നതിന് ഇടയാക്കും. പഞ്ചായത്തിലെ വാടക കുടിശിക കണക്കുകൾ സൂക്ഷിക്കുന്നതിൽ

വീഴ്ച വരുത്തിയതിനും പഞ്ചായത്ത് ഫണ്ടിന് ഭീമമായ നഷ്ടം ഉണ്ടാവുന്ന സാഹചര്യം സൃഷ്ടിച്ചതിനും രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.7/2021-22/14.10.2022) നൽകിയിരുന്നു. ശ്രീ ഒ. പി. അബ്ദുൾ നാസർ എന്ന വ്യക്തി 322,417/- രൂപ കുടിശിക വരുത്തിയത് ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും 2012-13 മുതൽ 2014-15 വരെ 825,132/- രൂപ കുടിശികയുള്ളതായും അരിയർ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയതായും മറുപടി നൽകി.

31/03/2022 വരെയുള്ള അരിയർ ഡിമാന്റ് രജിസ്റ്ററിൽ കുത്തകക്കാരുടെ പേര്, കുടിശിക കാലയളവ്, തുക എന്നിവ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കുത്തകക്കാരിൽ നിന്ന് കൃത്യമായ വാടക നിക്ഷേപം ഈടാക്കാതിരിക്കുന്നത് വാടക കുടിശ്ശിക ഗണ്യമായി വർദ്ധിക്കുന്നതിനും കാരണമാകുന്നു. ടി വിഷയം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. കൃത്യമായ നിക്ഷേപം പഞ്ചായത്ത് ഫണ്ടിലുണ്ട് എങ്കിൽ കുടിശിക വരുത്തുന്നവരുടെ നിക്ഷേപം കണ്ടുകെട്ടി കുത്തകക്കാരെ ഒഴിപ്പിക്കാൻ സാധിക്കുമായിരുന്നു. കുടിശ്ശിക വാടക അടവാക്കിയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

### 1-23 റബ്ബർ മാർക്ക് ക്രമ്പ് റബ്ബർ ഫാക്ടറിയിലെ ജീവനക്കാരിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർ മാർക്ക് ക്രംമ്പ് റബ്ബർ ഫാക്ടറി ചേനപ്പാടി എന്ന സ്ഥാപനത്തിൽ നിന്നും 2021-22 സാമ്പത്തിക വർഷം 34 ജീവനക്കാരുടെ തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും ഈടാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനം 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പഞ്ചായത്ത് ലൈസൻസ് പുതുക്കുന്നതിനായി 22.02.2021ൽ സമർപ്പിച്ച അപേക്ഷയിൽ സ്ഥാപനത്തിൽ 65 ജീവനക്കാർ ജോലിചെയ്യുന്നതായി ( അപേക്ഷയിലെ കോളം 15) രേഖപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള ഫാക്ടറീസ് & ബോയിലേഴ്സ് കൊല്ലം നൽകിയിട്ടുള്ള സർട്ടിഫിക്കറ്റ് പ്രകാരം സ്ഥാപനത്തിൽ 100 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടുനടത്തുന്ന ഓരോ കമ്പനിയുടേയും, പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലോ,കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ, സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്ത് താമസ്സിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടേയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ പ്രസ്താവിച്ച സ്ഥാപനത്തിൽ നിന്നും എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 25/18.10.22 ന് മറുപടി ലഭ്യമാക്കിയില്ല. സ്ഥാപനത്തിലെ മുഴുവൻ ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

### 1-24 ലൈസൻസ് നടപടിക്രമങ്ങളിലെ അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് സെക്രട്ടറി നൽകുന്ന ലൈസൻസ് ആവശ്യമാണ്. എന്നാൽ എരുമേലി ഗ്രാമപഞ്ചായത്തിൽ വാണിജ്യ-വ്യവസായ ആവശ്യങ്ങൾക്കായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. 2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ 594 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം 561 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിരുന്നു. ലൈസൻസ് രജിസ്റ്റർ പ്രകാരം തൻവർഷം 67500/രൂപ

കുടിശ്ശികയായി അവശേഷിക്കുന്നുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ലൈസൻസ് പുതുക്കാത്തത് എന്ന് വ്യക്തമല്ല. പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം2670 ആണെന്നിരിക്കെ പഞ്ചായത്തിൽ നിന്നും 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും ( 594 ) തമ്മിൽ താരതമ്യം ചെയ്താൽ ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ മൂന്നിരട്ടി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കാം. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി ലൈൻസ് ആവശ്യമായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് നേടാത്തത് മൂലം ലൈസൻസ് ഫീസിനത്തിൽ പഞ്ചായത്തിന് വൻ വരുമാനനഷ്ടം സംഭവിക്കുന്നു. ലൈസൻസ്, ട്രേഡേഴ്സിന്റെ തൊഴിൽ നികുതി എന്നിവയുടെ ഡിമാന്റ്, ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി ആയതിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്. അദാലത്തുകൾ നടത്തി ലൈസൻസ് പിരിവ് കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

1-25 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം എരുമേലി ഗ്രാമപഞ്ചായത്തിൽ നാളിതുവരെ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ചട്ടങ്ങൾ ചട്ടം(3) പ്രകാരം പേമാരി, വെള്ള പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നി ബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവമൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. 2003ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ച് അർഹതപ്പെട്ടവർക്ക് ധനസഹായം നൽകാൻ വേണ്ട നടപടികൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റി കൈക്കൊള്ളേണ്ടതാണ്.

1-26 ക്വോറം തികയാതെ ഗ്രാമസഭയോഗങ്ങൾ നടത്തുന്നു

എരുമേലി ഗ്രാമപഞ്ചായത്തിലെ ഗ്രാമസഭ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പല വാർഡുകളിലും ക്വോറം തികയാതെയാണ് ഗ്രാമസഭ യോഗം സംഘടിപ്പിക്കുന്നത് എന്ന് വ്യക്തമായി.ക്വോറം തികയാതെ സംഘടിപ്പിക്കപ്പെട്ട ഏതാനും വാർഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡിന്റെ പേര് | ക്വോറം | ഗ്രാമസഭ ചേർന്ന തീയതി | പങ്കെടുത്ത അംഗങ്ങൾ |
|---|---|---|---|
| 8,കാരിശ്ശേരി | 127 | 22.01.22 | 47 |
| 21,പൊര്യൻമല | 107 | 30.12.21<br>22.1.22 | 23<br>33 |
| 9,ഇരുമ്പൂന്നിക്കര | 150 | 22.1.22 | 50 |
| 14,കണമല | 148 | 29.12.21<br>22.1.22 | 31<br>30 |
| 12,എയ്ഞ്ചൽ വാലി | 120 | 18.1.22 | 76 |

| | | | |
|---|---|---|---|
| 23,ശ്രീനിപുരം | 213 | 11.2.21 | 208 |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3(എ)ഉപഖണ്ഡിക 4പ്രകാരം ഗ്രാമസഭയുടെ ക്വോറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ പത്തുശതമാനം ആയിരിക്കുന്നതുമാണ്.ക്വോറം തികയാതെ മാറ്റിവയ്ക്കുന്ന ഗ്രാമസഭയുടെ ഒരുയോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വോറം അൻപത് ആയിരിക്കുന്നതുമാണ്.എന്നാൽ എരുമേലി ഗ്രാമപഞ്ചായത്തിൽ ക്വോറം തികയാതെ വരുന്ന ഗ്രാമസഭകൾ പിന്നീട് നടത്തുന്നില്ല.ഗ്രാമസഭകൾ സംഘടിപ്പിക്കുമ്പോൾ ക്വോറം തികയുന്നുണ്ടെന്ന് ഗ്രാമസഭ കൺവീനറും ,കോഡിനേറ്ററും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-27 പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നു

സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെയും അഗതികളെയും സാമ്പത്തികമായി സഹായിക്കുന്നതിനും അവരെ കൂടുതൽ സുരക്ഷിതരാക്കുക എന്ന ലക്ഷ്യത്തിനുവേണ്ടിയാണ് സർക്കാർ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നത്. പെൻഷൻ അപേക്ഷ ലഭിച്ച് 40ദിവസത്തിനകം തീരുമാനം എടുത്ത് അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതാണ്. (പഞ്ചായത്ത് ഡയറക്ടറുടെ 28.9.2019 ലെ നം.PAN/2021/2019-DBT-1(DP) നമ്പർ കത്ത്). എന്നാൽ എരുമേലി ഗ്രാമപഞ്ചായത്തിൽ വാർദ്ധക്യകാല പെൻഷൻ അപേക്ഷകളിൽ എട്ട് മാസമായിട്ടും അന്വേഷണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുടെ റിപ്പോർട്ട് ലഭിക്കാത്തതിനാൽ തീരുമാനം എടുക്കാൻ സാധിച്ചിട്ടില്ല എന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ആഗസ്റ്റ്2021 മുതൽ മാർച്ച്2022 വരെ ലഭിച്ച 342 പെൻഷൻ അപേക്ഷകളിൽ അന്വേഷണം നടത്തി തിരികെ നൽകുന്നതിന് വി.ഇ.ഒ എരുമേലി ന്യായീകരിക്കാനാവാത്ത തരത്തിൽ കാലതാമസം വരുത്തി. ഇത് സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും നിരന്തര പരാതിയ്ക്ക് ഇടവരുകയും ചെയ്തു. നിലവിൽ പെൻഷൻ അപേക്ഷകളിൽ ഒന്നും അന്വേഷണ റിപ്പോർട്ട് നൽകാൻ ഇല്ല. പെൻഷൻ അപേക്ഷകൾ ലഭിക്കുമ്പോൾ തന്നെ കൃത്യമായി രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തി അന്വേഷണ ഉദ്യോഗസ്ഥന് കൈമാറേണ്ടതും, അന്വേഷണ ഉദ്യോഗസ്ഥൻ സമയബന്ധിതമായി അന്വേഷണം നടത്തി വിവരം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-28 ശബരിമല സെപ്ഷ്യൽ ഗ്രാന്റ്

2021-22 വർഷം ഗ്രാമപഞ്ചായത്തിന് ശബരിമല സ്പെഷ്യൽ ഫണ്ടിനത്തിൽ 3750,000/- രൂപ സർക്കാരിൽ നിന്നും ഗ്രാന്റായി ലഭിച്ചിട്ടുണ്ട്. ടി ഫണ്ടുപയോഗിച്ച് തെരുവുവിളക്ക് റിപ്പയറിംഗ്,വലിയ തോട് ക്ലീനിംഗ്, വെയിസ്റ്റ് നീക്കം ചെയ്യുന്നതിനുള്ള ലോറി വാടക എന്നീയിനങ്ങളിൽ തുകചെലവഴിച്ചിട്ടുണ്ട്. ശബരിമല സ്പെഷ്യൽ ഫണ്ടിന്റെ വരവ് -ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 4053356 |
| വരവ് | 3750,000 |
| ആകെ | 7803356 |
| ചെലവ് | 1847024 |
| നീക്കിയിരുപ്പ് | 5956332 |

നീക്കിയിരുപ്പുള്ള തുക ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, ശുചീകരണ പ്രവർത്തനങ്ങൾക്കും മാത്രം വിനിയോഗിക്കേണ്ടതാണ്. തുകയുടെ വിനിയോഗവിവരങ്ങൾ പ്രത്യേകം എഴുതി സൂക്ഷിക്കേണ്ടതുമാണ്.

## 1-29 ശബരിമല തീർത്ഥാടന കാലത്ത് കുളികടവുകളിൽ അപകട സൂചന ബോർഡുകൾ സ്ഥാപിക്കൽ

സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രസ്തുത പ്രൊജക്ട് ( നമ്പർ 31/22 കടവുകളിൽ അപകട സൂചന ബോർഡുകൾ സ്ഥാപിക്കൽ ശബരിമല സീസൺ) പ്രകാരം ശബരിമല സ്പെഷ്യൽ ഫണ്ട് ഇനത്തിൽ നിന്നും 47500/ രൂപ (ബിൽ നമ്പർ 285/9.2.22) ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നിർവ്വഹണത്തിനായി എ3-8710/21- 28.10.21 നമ്പർ നോട്ടീസ് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. പ്രസ്തുത നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന കടവുകളിൽ അപകട സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിന് എന്നും, ഒരു ബോർഡ് എഴുതി നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള തുകയാണ് ക്വോട്ട് ചെയ്യേണ്ടത് എന്നും വ്യക്തമാക്കിയിരുന്നു. ആകെ മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചു. മൂന്ന് ക്വട്ടേഷനുകളിലും ഒരു ബോർഡ് എഴുതി നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള തുക ക്വോട്ട് ചെയ്തിട്ടില്ല. പകരം 47500/ രൂപ, 49000/ രൂപ, 49500/ രൂപ, എന്നിങ്ങനെയാണ് തുക ക്വോട്ട് ചെയ്തിട്ടുള്ളത് . ഇതിൽ ഏറ്റവും കുറവ് ക്വോട്ട് ചെയ്തിട്ടുള്ള ശ്രീ.ഷാജി.കെ.എസ്, കോയിപ്പുറത്ത് എന്നയാളുടെ 47500/ രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചു. സെക്രട്ടറിയുടെ 17.11.21തീയതിയിലെ A3-8710/21 നമ്പർ കത്ത് പ്രകാരം സെലക്ഷൻ നോട്ടീസ് നൽകിയതിലും ഏതൊക്കെ സ്ഥലങ്ങളിൽ ,എത്ര ബോർഡുകൾ സ്ഥാപിക്കണം എന്നോ, ഒരു ബോർഡ് സ്ഥാപിക്കുന്നതിന്റെ റേറ്റ് സംബന്ധിച്ചോ പ്രതിപാദിച്ചിട്ടില്ല. പ്രവൃത്തി പൂർത്തിയാക്കി എന്ന് കാണിച്ച് 19.01.22 ൽ കരാറുകാരൻസമർപ്പിച്ച കത്തിലും എത്ര ബോർഡുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത കത്ത് പരിഗണിച്ച് തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/17.10.22ന് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചതിന് ശേഷമാണ് പോലീസ് സ്റ്റേഷനിൽ നിന്നും സ്ഥാപിക്കേണ്ട സ്ഥലം സംബന്ധിച്ച ലിസ്റ്റ് ലഭ്യമായത് എന്നറിയിച്ചു. ഒരു ബോർഡ് എഴുതി നിർദ്ദേശിക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനുള്ള തുക ക്വോട്ട് ചെയ്യാതെ കരാർ ഉറപ്പിച്ചത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയില്ല. മാത്രമല്ല കരാറുകാരൻസമർപ്പിച്ച കത്തിലും എത്ര ബോർഡുകൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നത് സംബന്ധിച്ച വിവരം രേഖപ്പെടുത്താത്തത് ശരിയല്ല. ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മുൻ വർഷങ്ങളിലെ നടപടിക്രമങ്ങൾ പിൻതുടരുകയാണ് ചെയ്തിട്ടുള്ളത് എന്ന് അറിയിച്ചതിൽ നിന്നും മുൻ വർഷവും ഇതേ സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിച്ചിരുന്നു എന്ന് വ്യക്തമാകുന്നു. ജി.ഐ പൈപ്പുകളും, മെറ്റൽ ഷീറ്റും ഉപയോഗിച്ച് നിർമ്മിക്കുന്ന ബോർഡുകൾ (എൽ.എസ്.ജി.ഡി എഞ്ചിനീയറുടെ മൂല്യനിർണ്ണയപ്രകാരം) എളുപ്പത്തിൽ നശിച്ചുപോകുന്നവയല്ല എന്നിരിക്കെ ഓരോ വർഷവും ഇത്തരത്തിൽ എല്ലാ വർഷവും ബോർഡുകൾ പുതുതായി സ്ഥാപിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കേണ്ടതാണ്. ഓരോ വർഷവും നവംബർ മാസം പതിനഞ്ചാം തീയതി മുതൽ ജനുവരി പതിനഞ്ച് വരെയാണ് ശബരിമല സീസൺ. സ്ഥാപിക്കുന്ന ബോർഡുകൾ നാശനഷ്ടം സംഭവിക്കാത്ത വിധം സ്ഥാപിക്കുകയോ ശബരിമല സീസൺ കഴിയുമ്പോൾ ബോർഡുകൾ പഞ്ചായത്ത് സൂക്ഷിച്ച് അടുത്ത സീസണിൽ വീണ്ടും സ്ഥാപിക്കുകയോ ചെയ്യുന്നതിനുള്ള സാദ്ധ്യത പരിഗണിക്കേണ്ടതാണ്.

1-30 ശബരിമല തീർത്ഥാടനം- മാലിന്യം നീക്കൽ- വാഹനത്തിന്റെ ട്രിപ്പ് ഷീറ്റ് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ ശബരിമല തീർത്ഥാടനം- മാലിന്യം നീക്കുന്നതിന് ലോറി വാടക എന്ന പ്രോജക്ട് ( നമ്പർ30/22) പ്രകാരം ശബരിമല സ്പെഷ്യൽ ഫണ്ടിൽ നിന്നും 120000/ രൂപയും, തനത് ഫണ്ടിൽ നിന്നും 30000രൂപയും (വൗച്ചർ നമ്പർ22101090/17.12.21) ഉൾപ്പടെ ആകെ 150000/ രൂപ ചെലവഴിച്ചിട്ടുണ്ട്. മാലിന്യം ശേഖരിച്ച് കവുങ്ങംകുഴിയിലുള്ള പ്ലാന്റിൽ എത്തിക്കുന്നതിനുള്ള ലോറി വാടക, തൊഴിലാളികളുടെ കൂലി ഉൾപ്പടെ ഒരു ദിവസത്തേക്ക് 2500/ രൂപ നിരക്കിൽ അശാന്ത് പിള്ളഎന്നയാൾക്കാണ് കരാർ നൽകിയത്. ടെൻഡർ ക്ഷണിച്ചത് പ്രകാരം രണ്ട് പേരാണ് ടെൻഡർ സമർപ്പിച്ചത്. ശ്രീ.അശാന്ത് പിള്ള- 2500/ രൂപയും, ശ്രീ.ഷാഫി.വി.എസ്- 2501 രൂപയും. ക്വട്ടേഷൻ തുകകളിൽ അന്തരമില്ലാത്ത സാഹചര്യത്തിൽ റീ ടെൻഡർ ക്ഷണിക്കുന്നതിനുള്ള സാദ്ധ്യത പരിഗണിക്കാതെ 2500/ രൂപയുടെ ക്വട്ടേഷൻ അംഗീകരിക്കുകയാണ് ചെയ്തത്. ഫയൽ

പരിശോധിച്ചതിൽ നവംബർ17 മുതൽ നവംബർ 28 വരെ 12ദിവസങ്ങളിലും, നവംബർ 28 മുതൽ 20.01.22 വരെ പ്രവൃത്തി നടത്തിയിട്ടുള്ളത്. നവംബർ 28 മുതൽ 20.01.22 വരെയുമാണ് പ്രവൃത്തി നടത്തിയതിന്റെ വാഹന ട്രിപ്പ് ഷീറ്റ് ഉൾപ്പടെ ഹാജരാക്കി 120000/ രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ നവംബർ17 മുതൽ നവംബർ 28 വരെ 12ദിവസങ്ങളിൽ പ്രവൃത്തി നടത്തിയ ഇനത്തിൽ 30000രൂപ നൽകിയിട്ടുണ്ട് എങ്കിലും വാഹന ട്രിപ്പ് ഷീറ്റ് ഉൾപ്പടെ പ്രവൃത്തി നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/18.10.22ന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഇല്ലാതെ ചെലവഴിച്ച 30000രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ ,റിപ്പയറിംഗ് പ്രോജക്ടുകൾ സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ വാങ്ങൽ ,റിപ്പയറിംഗ് എന്നിവയ്ക്കായി രണ്ട് പ്രോജക്ടുകൾ സെക്രട്ടറി നിർവ്വഹണം നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ഫണ്ടിനം | ചെലവ് തുക |
|---|---|---|---|
| 6/22 | ശബരിമല സീസൺ തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങലും റിപ്പയറിംഗും | തനത് ഫണ്ട്- ശബരിമല സ്പെഷ്യൽ ഫണ്ട് | 211805( വൗച്ചർ നമ്പർ 22101519/26.3.22)<br>433827 ( വൗച്ചർ നമ്പർ 22101811/31.3.22) |
| 36/22 | തെരുവ് വിളക്കുകൾ റിപ്പയറിംഗ് | തനത് ഫണ്ട്- | 183300 ( വൗച്ചർ നമ്പർ 22101518/26.3.22) |

സ്ട്രീറ്റ് ലൈറ്റ് ഉപകരണങ്ങൾ ഗവ. ഏജൻസിയായ യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ സാധനങ്ങളുടെ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ട് എങ്കിലും ആവശ്യമായ എല്ലാ വിവരങ്ങളും (ഇൻവോയ്സ് നമ്പർ/തീയതി, ചെലവ് തുക/ബിൽ/ചെക്ക് നമ്പർ സാധനങ്ങൾ ലഭ്യമായ വിവരങ്ങൾ) സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. തൻമൂലം ബിൽ/ചെക്ക് പ്രകാരം പിൻവലിച്ച് സ്ഥാപനത്തിന് നല്കിയ മുഴുവൻ തുകയുടെയും സാധനങ്ങൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല. സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങുകയും , നിലവിലുണ്ടായിരുന്നവ മെയിന്റനൻസ് നടത്തുകയും ചെയ്യുന്നതിന് വാർഡ് മെമ്പർമാരുടേയും, ഉദ്യോഗസ്ഥരുടേയും ആവശ്യമെങ്കിൽ സാങ്കേതിക പരിജ്ഞാനമുള്ള ആളുകളും ഉൾപ്പടെ പരിശോധന നടത്തി തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പ്രോജക്ട് തയ്യാറാക്കേണ്ടിയിരുന്നത് . എന്നാൽ അപ്രകാരമുള്ള നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. വാർഡ് മെമ്പർമാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് തുക അനുവദിക്കുന്നത്. കരാറുകാരൻ വെള്ളക്കടലാസിൽ തയ്യാറാക്കുന്ന റിപ്പോർട്ടിൽ മെമ്പർമാർ ഒപ്പിട്ട് നൽകുകയാണ് ചെയ്തിട്ടുള്ളത്. ഏതൊക്കെ പോസ്റ്റുകളിലാണ് പ്രവൃത്തി ചെയ്തിട്ടുള്ളത്, തെരുവ് വിളക്ക് സ്ഥാപിക്കലാണോ, റിപ്പയറിംഗ് ആണോ നടത്തിയിട്ടുള്ളത് തുടങ്ങിയ വിവരങ്ങൾ സാക്ഷ്യപത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രവൃത്തി നടത്തുന്ന കരാറുകാരൻ പ്രവൃത്തി നടത്തിയതിനുശേഷം ഏതൊക്കെ റീച്ചുകളിൽ ഏതൊക്കെ പോസ്റ്റുകളിലാണ് പ്രവൃത്തി നടത്തിയത് എന്നും , തെരുവ് വിളക്ക് സ്ഥാപിക്കലാണോ, റിപ്പയറിംഗ് ആണോ നടത്തിയിട്ടുള്ളത് തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു റിപ്പോർട്ട് ഗ്രാമ പഞ്ചായത്തിന് നൽകേണ്ടിയിരുന്നു . പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് പ്രവൃത്തി നടത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷമാണ് മെമ്പർമാർ സാക്ഷ്യപത്രം നൽകേണ്ടിയിരുന്നത്. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതും യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും

ഉപകരണങ്ങൾ ഇനിയും ലഭ്യമാകാനുണ്ട് എങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 20/17.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ട് എന്നും, ബന്ധപ്പെട്ട് അംഗങ്ങളിൽ നിന്നും ലെറ്റർ പാഡിലുള്ള സാക്ഷ്യപത്രം ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കുന്നതാണ് എന്നും, വാങ്ങലുകൾ സംബന്ധിച്ച എല്ലാ വിവരങ്ങളും, ഉപയോഗശൂന്യമായ ഇനങ്ങളുടെ വിവരങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തിയ രജിസ്റ്ററും, തെരുവ് വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്തുന്നതിനുള്ള പരാതി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആവശ്യകതാ നിർണ്ണയം നടത്താതെ ഓരോ വർഷവും തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി പ്രോജക്ടുകൾ തയ്യാറാക്കുന്ന നടപടി ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട നടത്തുന്ന പ്രവർത്തനങ്ങൾ സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായും പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015 ലെ ജി 2-44274/15 പൊതു മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ അനുസരിച്ചും നടപ്പാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതുവരെ രണ്ട് പ്രോജക്ടുകൾക്കുമായുള്ള 828932/ രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-32 വിനിയോഗ പൂർത്തീകരണ വിവരം ലഭ്യമല്ല ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം വിവിധ പ്രോജക്ടുകൾക്കായി ഏജൻസികളിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമനമ്പർ | പ്രോജക്ട് വിവരങ്ങൾ | ഒടുക്കിയ തുക | ബിൽ നമ്പർ/തീയതി | തുക നിക്ഷേപിച്ച സ്ഥാപനം | ഫണ്ടിനം |
|---|---|---|---|---|---|
| 1 | 02/22 ഐ.കെ.എം, വിഹിതം നൽകൽ | 157386/രൂപ | 2/21-22/ 30.07.21 | ഐ.കെ.എം | വികസന ഫണ്ട് |
| 2 | 03/22 എസ്.എസ്.എ. വിഹിതം | 2150000/രൂപ | 08/21-22/ 30.07.21- 650000/ 43/21-22/ 19.3.22- 1500000/ | ഡിസ്ട്രിക്ട് പ്രോജക്ട് ഓഫീസ്, എസ്.എസ്.കെ, കോട്ടയം | വികസന ഫണ്ട് |
| 3 | 33/22 വിവിധ വാർഡുകളിൽ ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 134342രൂപ | 47/21.03.22 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | തനത് ഫണ്ട് |
| 4 | 201/22 സ്ട്രീറ്റ് മെയിൻ വലിക്കൽ - വാർഡ് 19 | 149506- | 142/ 17.12.21 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |

| | | | | | |
|---|---|---|---|---|---|
| 5 | 203/22 സ്ട്രീറ്റ് മെയിൻ വലിക്കൽ – വാർഡ് 12 | 100950 | 374/11.3.22 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 6 | 205/22 സ്ട്രീറ്റ് മെയിൻ വലിക്കൽ – വാർഡ് 2 , വാർഡ് 6 , വാർഡ് 7 | 448431 | 152/ 21.12.21 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 7 | 211/22 സ്ട്രീറ്റ് മെയിൻ വലിക്കൽ – വാർഡ് 1 | 149978 | 375/ 11.3.22 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 8 | 350/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 943237<br>517365 | 173/27.12.21<br>376-11.3.22<br>541-30.3.22 | കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം എരുമേലി | ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>തനത്ഫണ്ട് |
| ആകെ | | 4751195 | | | |

മേൽ പ്രസ്താവിച്ച പ്രോജക്ടുകളുടെ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ ലഭ്യമായിട്ടുണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 23/17.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ വിനിയോഗ പൂർത്തീകരണ വിവരങ്ങൾ വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 4751195/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 ബാലസഭ പ്രവർത്തനങ്ങൾക്കായി പിൻവലിച്ച തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല

പ്രോജക്ട് നം.S0009/22

അടങ്കൽ -50000(വികസനഫണ്ട്)

ബിൽ നം.7/21-22 തീ 28.11.21

നിർവ്വഹണോദ്യോഗസ്ഥൻ -അസി.സെക്രട്ടറി

ബാലസഭ പ്രവർത്തനങ്ങൾക്കായി 50000 രൂപ തൻവർഷം വികസനഫണ്ടിൽ നിന്നും പിൻവലിച്ച് സി.ഡി.എസിന്റെ അക്കൗണ്ടിലേയ്ക്ക് (A/C No.57037746975)ട്രാൻസ്ഫർ ചെയ്തതല്ലാതെ നാളിതുവരെ തുക ചെലവഴിച്ചിട്ടില്ല.വികസനഫണ്ട് വിഹിതം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ക്രമപ്രകാരമല്ല. ഇപ്രകാരം വികസനഫണ്ട് വിഹിതം പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (നം.16/22 തീ16.10.22)സാധാരണ കുട്ടികളുടെ പഠനയാത്രയാണ് നടത്തിയിരുന്നതെന്നും,എന്നാൽ കോവിഡ് നിയന്ത്രണങ്ങളും രണ്ട് പ്രളയങ്ങളും കാരണം ബാലസഭ കുട്ടികളെ പഠനയാത്രയ്ക്ക് കൊണ്ടുപോകാൻ സാധിച്ചില്ലായെന്നും, ജില്ലാമിഷന്റെ നിർദ്ദേശ പ്രകാരം കുട്ടികളുടെ ലൈബ്രറി തയ്യാറാക്കുന്നതിനും,പുസ്തകങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ച

വരുന്നതിനിടയിൽ ഫണ്ട് വകമാറ്റി എന്നത് സംബന്ധിച്ച് വിജിലൻസിൽ പരാതി സമർപ്പിച്ചതിനാലാണ് തുക ചെലവഴിയ്ക്കാൻ സാധിക്കാതെ വന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.തുക ചെലവഴിയ്ക്കാൻ സാധിയ്ക്കാത്തതിനാൽ സർക്കാരിലേയ്ക്ക് തിരികെ അടവാക്കേണ്ടതാണ്. തുക സർക്കാരിലേയ്ക്ക തിരികെ അടവാക്കുന്നതുവരെ 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-34 കോവിഡ്-19 പ്രതിരോധപ്രവർത്തനങ്ങൾ അവലോകനം

കോവിഡ് രോഗവ്യാപനം നിയന്ത്രിക്കുന്നതിനും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തിലെ ആതുര ഹോസ്പിറ്റലിൽ 10.3.21മുതൽ 7.10.21 വരെ ഡി സി സി പ്രവർത്തിച്ചിരുന്നു. ഡി.സി.സി യുടെ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് 300,000 രൂപ ജില്ലാകളക്ടറുടെ 26.4.2021 തീയതിയിലെ DM 1-6182/2020 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ ദുരന്തനിവാരണ ഫണ്ടിൽ നിന്നും അനുവദിച്ചിരുന്നു . ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് കോവിഡ് മഹാമാരി സംബന്ധിച്ച ബോധവൽക്കരണം, സാമൂഹിക അടുക്കള, വിവിധ അനൗൺസ്മെന്റുകൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തിയിട്ടുണ്ട്. തൻ വർഷം കോവിഡ് അനുബന്ധ പ്രവർത്തനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും 28,68,572/- രൂപ ചെലവഴിച്ചിട്ടുണ്ട്.ദുരന്തനിവാരണ ഫണ്ടിൽ നിന്നും 2021-22 വർഷം 709784/-തിരികെ ലഭിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി തന്നെ നടപ്പാക്കിയെന്ന് വിലയിരുത്തുന്നു .

## 1-35 ലൈഫ് ഭവന പദ്ധതി- രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചു.

1) പ്രോജക്ട് നം. 24/22
ലൈഫ് ഭവന പദ്ധതി( ജനറൽ )
അടങ്കൽ- 96000000 രൂപ (വികസന ഫണ്ട്- 680000 + സംസ്ഥാനാവിഹിതം- 30000000 + ബ്ലോക്ക് വിഹിതം- 8520000 + ജില്ലാപഞ്ചായത്ത് വിഹിതം- 10000000 + ലോൺ- 46800000 )
ചെലവ്- 2470000 രൂപ ( വികസന ഫണ്ട്- 680000 + സംസ്ഥാനാവിഹിതം- 40000 + ബ്ലോക്ക് വിഹിതം- 480000 + ജില്ലാപഞ്ചായത്ത് വിഹിതം- 580000 + ലോൺ- 690000 )
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ എരുമേലി.

മേൽ പ്രോജക്ട് പ്രകാരം താഴെ പറയുന്ന 2 ഗുണഭോക്താക്കൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | നൽകിയ തുക | തീയതി | ചെക്ക് നം. തീയതി |
|---|---|---|---|
| ഹണി തങ്കപ്പൻ, താന്നിമൂട്ടിൽ | 40000 | 3.11.2020 | |
| | 160000 | 20.11.2020 | |
| (21-22) | 100000 | 25.6.2021 | 407811/23.06.21 |
| ആകെ | 300000 | | |
| ആൻസി ജോസഫ്, നാട്ടുമാക്കൽ | 40000 | 2.11.2021 | ബിൽ നം. 15/21-22 /02.11.2021 |
| (21-22) | 160000 | 7.1.2022 | ബിൽ നം. 34/21-22 /07.01.2022 |

| | | | |
|---|---|---|---|
| | 100000 | 26.3.2022 | ബിൽ നം. 72/21-22 /26.03.22 |
| | 100000 | 01.07.22 | ബിൽ നം. 6/21-22 /27.08.21 |
| ആകെ | 400000 | | |

ഇതിൽ ഹണി തങ്കപ്പന്റെ വീടിന്റെ തറപണി തീർന്നതിന്റെ ഫോട്ടോ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ടീയാൾക്ക് മൂന്നാം ഗഡു 100000 രൂപ അനുവദിക്കണമെങ്കിൽ ലിന്റൽ ലെവൽ വരെ പൂർത്തിയാക്കിയതിന്റെ ഫോട്ടോയും നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രവും ഹാജരാക്കേണ്ടിയിരുന്നു. ആൻസി ജോസഫ് 40000 രൂപ കൈപ്പറ്റിയതിന്റെ വിവരം മാത്രമേ ഫയലിൽ സൂക്ഷിച്ചിട്ടുള്ളൂ. ടിയാളുടെ ഭവനനിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും വീടിന്റെ ഫോട്ടോയും നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല.

2) ലൈഫ് ഭവന പദ്ധതി (എസ്.സി.പി) പ്രോജക്റ്റ് 138/22

അടങ്കൽ- 60000000 രൂപ (വികസന ഫണ്ട് എസ്.സി.പി- 2880000 + സംസ്ഥാനാവിഷ്കൃതം- 17920000 + ബ്ലോക്ക് വിഹിതം- 2000000+ ജില്ലാപഞ്ചായത്ത് വിഹിതം- 6000000 + ലോൺ- 31200000 )

ചെലവ്- 6240000 രൂപ ( വികസന ഫണ്ട് എസ്.സി.പി- 2880000 + ബ്ലോക്ക് വിഹിതം- 860000 + ജില്ലാ പഞ്ചായത്ത് വിഹിതം- 2500000 )

മേൽ പ്രോജക്റ്റ് പ്രകാരം ശ്രീമതി രാധാമണി രാജൻ, മുള്ളൻകുഴിയിൽ എന്ന ഗുണഭോക്താവിന് താഴെ പറയുന്ന വിധം ധനസഹായം അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | നൽകിയ തുക | തീയതി |
|---|---|---|
| രാധാമണി രാജൻ, മുള്ളൻകുഴിയിൽ | 40000 | 7.1.2019 |
| | 160000 | 26.2.2019 |
| | 100000 | 29.6.2020 |
| | 60000 | 3.11.2020 |
| | 40000 | 27.8.2021 ബിൽ നം. 6/21-22 /27.08.21 |
| ആകെ | 400000 | |

ടിയാളുടെ ഭവനനിർമ്മാണത്തിന്റെ ഒരു ഘട്ടത്തിലും വീടിന്റെ ഫോട്ടോയും നിർവ്വഹണോദ്യോഗസ്ഥന്റെയും വാർഡ് മെമ്പറുടെയും സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ഭവനനിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും ആവശ്യമായ രേഖകൾ ഹാജരാക്കാതെ ധനസഹായം അനുവദിച്ചത് ലൈഫ് ഭവനനിർമ്മാണ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 29-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ രേഖകൾ ഫയലിൽ ഇടാൻ വിട്ടുപോയതാണ് എന്ന് അറിയിച്ചു. രേഖകൾ ഹാജരാക്കുന്നത് വരെ ടി മൂന്ന് ഗുണഭോക്താക്കൾക്കായി തൻവർഷം അനുവദിച്ച 440000 (100000 + 300000 + 40000 ) രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-36 വീട് വാസയോഗ്യമാക്കൽ(ടി.എസ്.പി)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. 98/22

അടങ്കൽ- 1100000 രൂപ (ടി.എസ്.പി)

ചെലവ്- 650000 രൂപ

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, എരുമേലി സർക്കിൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം താഴെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | മുൻകൂർ നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|
| അമ്മിണി, എലിപ്പുലിയിൽ, പഴയിടം | 50000 | 77/21-22 /30.3.2022 |
| സതീഷ് പി.എസ്, കല്ലുപുരയിൽ, കനകപ്പലം | 50000 | 77/21-22 /30.3.2022 |
| ആകെ | 100000 | |

ടി ഗുണഭോക്താക്കൾ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ഗഡു കൈപ്പറ്റിയിട്ടില്ല. ടിയാളുകളുടെ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-37 ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തിയാക്കാനുള്ളത്.

എ) ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | ഷീജ മുഹമ്മദ് സാലി, പീടിക പറമ്പിൽ | 3,00,000/- | 29.06.2020 വരെ |
| 2 | അഷറഫ് & ഷാമില അഷറഫ് | 3,60,000/- | 21.06.2021 വരെ |
| 3 | സുനിത രതീഷ്, ഇലവുങ്കൽ | 3,39,464/- | 27.07.2020 വരെ |
| 4 | റസീന സലിം, പുത്തൻപീടികയിൽ | 3,60,000/- | 21.06.2021 വരെ |
| 5 | രജനി അജേഷ്, ഉണ്ടിയിൽ | 3,60,000/- | ,, |
| 6 | സതി ശിവൻ, മുല്ലശ്ശേരിൽ | 3,60,000/- | ,, |
| 7 | ഷാഫി ടി.ബി. നരിയൻ പറമ്പിൽ | 3,60,000/- | ,, |

| | | | |
|---|---|---|---|
| 8 | രജനി രാജൻ. കുറ്റിശ്ശേരിൽ | 2,00,000/- | 03.06.2020 വരെ |
| 9 | ഹണി തങ്കപ്പൻ, താണിമൂട്ടിൽ | 3,00,000/- | 21.06.2021 വരെ |
| 10 | റോസമ്മ മാത്യു, പാണംപ്ലാക്കൽ | 2,00,000/- | 22.10.2021 വരെ |
| 11 | സുമേഷ് സമ്മിശ്രം, മുത്തുമാല, സത്യവിലാസം | 40,000/- | 18.12.2021 വരെ |
| 12 | നടരാജൻ, വിജി, പന്തകുളത്തിൽ | 2,00,000/- | 24.05.2022 വരെ |
| 13 | ഇന്ദിരാഭായി, പാലമറ്റത്ത് | 2,00,000/- | 01.07.2022 വരെ |
| 14 | ഇബ്രാഹിംകുട്ടി, ആയിഷാബീവി, മരോട്ടിപതാലിൽ | 2,00,000/- | 24.05.2022 വരെ |
| 15 | നസീമ ബീവി, അലങ്കരത്ത് | 2,00,000/- | 01.07.2022 വരെ |
| 16 | അന്നമ്മ എബ്രഹാം, നരിമലക്കുന്നേൽ | 4,00,000/- | 21.03.2022 വരെ |
| 17 | അംബുജാഷിയമ്മ, കിഴക്കേനത്ത് | 4,00,000/- | 21.03.2022 |
| 18 | ജോസ് പി.എം, പുതുച്ചിറ | 4,00,00/- | 19.03.2022 |
| 19 | സലീന മേപ്പറത്ത് | 2,00,000/- | 01.07.202022 |
| 20 | ഷീജാമോൾ, കിഴക്കയിൽ | 2,00,000/- | 24.05.2022 |
| 21 | സുമ പി.ആർ, കുന്നംപുറത്ത് | 2,00,000/- | 24.05.2022 |
| 22 | രാജേശ്വരി പ്രസാദ്, മലയിൽ പീടികയിൽ | 40000/- | 21.03.2022 |
| 23 | സതി മധു, ചെരിവിൽ | 40000/- | 21.03.2022 |
| 24 | റോസ ഔസേപ്പ്, ഈട്ടിക്കൽ | 40000/- | 21.03.2022 |
| 25 | സലീന റഹ്മാൻ, കുഴിക്കാട്ടിൽ | 40,000/- | 21.03.2022 |
| 26 | ലൈല സലാം, കളപുരയ്ക്കൽ | 40000/- | 21.03.2022 |
| 27 | ബിനി പി.ജെ, പുതുപ്പറമ്പിൽ | 2,00,000/- | 01.07.2022 |
| 28 | ബിവിക്കുഞ്ഞ്, കല്ലുക്കൊമ്പിൽ | 40,000/- | 21.03.2022 |
| 29 | അനിമേൽ, നിരപ്പേൽ | 2,00,000/- | 01.07.2022 |

ബി) പട്ടികജാതി വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | എൻ. കെ. ബിജു, കുട്ടിയ്ക്കൽ | 3,60,000/- | 22.06.21 വരെ |
| 2 | ഷാജി റ്റി, ഐരേക്കാവിൽ | 3,60,000/- | 24.05.22വരെ |

| | | | |
|---|---|---|---|
| 3 | ബാൻരാജ്, ചെറുവള്ളി എസ്റ്റേറ്റ് | 3,60,000/- | 06.10.21വരെ |
| 4 | നടരാജൻ, ചെറുവള്ളി എസ്റ്റേറ്റ് | 3,60,000/- | 09.02.22വരെ |
| 5 | കുഞ്ഞുമോൾ, നെടുങ്കാലായിൽ | 3,60,000/- | 28.12.21വരെ |
| 6 | രതീഷ് കുമാർ കെ.ആർ, കൊന്നയ്ക്കൽ | 3,60,000/- | 01.07.22വരെ |
| 7 | മോഹൻകുമാർ & ഓമന , ചെളിക്കുഴിയിൽ | 3,60,000/- | 02.03.22വരെ |
| 8 | സുജാത എം.റ്റി. & ഹരിലാൽ മൈലാട്ടും പാറ | 3,00,000/- | 20.08.22വരെ |
| 9 | സുനിതാമോൾ എം. റ്റി, മൈലാട്ടുംപാറ | 3,00,000/- | 02.03.22വരെ |
| 10 | പ്രസാദ് പി.റ്റി, അറുപതിൽ | 3,60,000/- | 26.03.22വരെ |
| 11 | കെ.ജി. ജയേഷ് & രജനി എം.കെ, കാനത്തിൽ | 3,00,000/- | 09.05.22വരെ |
| 12 | രജിത സജീവ്, പുള്ളേലിൽ | 3,00,000/- | 20.08.22വരെ |
| 13 | ജയൻ കെ.ജി, & ഷൈമോൾ, ഓനത്തിൽ | 3,00,000/- | 27.04.22വരെ |
| 14 | ഷൈനി വി.എം &രതീഷ്, വള്ളിമല | 3,00,000/- | 09.05.22വരെ |
| 15 | മിനി രാജു, ചെറുവള്ളിൽ | 3,00,000/- | 27.04.22വരെ |
| 16 | അമ്മിണി പാപ്പാൻ, തൈക്കൂട്ടത്തിൽ | 3,00,000/- | 07.07.22വരെ |
| 17 | മണിയമ്മ, പുല്ലാനിയോലിക്കൽ | 3,00,000/- | 24.05.22വരെ |
| 18 | എൻ.കെ. ലക്ഷ്മി, നട്ടുപുരയിൽ | 3,00,000/- | 26.03.22വരെ |
| 19 | രാജേന്ദ്രൻ കെ.ആർ, കുന്നപുറത്ത് | 2,00,000/- | 09.05.22വരെ |
| 20 | രാജേഷ്കുമാർ കെ.കെ. & രജിമോൾ കുന്നപുറത്ത് | 3,00,000/- | 09.5.22വരെ |
| 21 | ശ്യാമള റ്റി.കെ, താന്നിക്കൽ | 3,00,000/- | 09.05.22വരെ |
| 22 | ദേവകി, ചേത്തുരുത്തേൽ | 2,00,000/- | 08.03.22വരെ |
| 23 | കുമാരി, കെ.കെ. ചെറുവാഴക്കുന്നേൽ | 3,00,000/- | 01.07.22വരെ |
| 24 | രാജപ്പൻ, വെളിയംപറമ്പിൽ | 40,000/- | 07.01.22വരെ |
| 25 | ഓമന റ്റി.കെ, തിരുമാലക്കുന്നേൽ | 3,00,000/- | 09.05.22വരെ |
| 26 | ശോഭന മോഹനൻ, ഇടശ്ശേരിമേപ്പുറത്ത് | 3,60,000/- | 01.07.22വരെ |
| 27 | സിന്ധു എം.റ്റി, മേച്ചേരിക്കളം | 3,00,000/- | 09.05.22വരെ |
| 28 | സിന്ധുഭായി, മാടക്കാട്ട് | 2,00,000/- | 09.05.22വരെ |
| 29 | സുമ രാജേഷ്, ചരിവുകാല | 2,00,000/- | 27.04.22വരെ |

| | | | |
|---|---|---|---|
| 30 | അമ്മിണി കുഞ്ഞുകുട്ടി, പോത്തുകാലായിൽ | 3,00,000/- | 27.04.22വരെ |
| 31 | സന്തോഷ് കെ.ജി, & അച്ചു, കണിയാംപറമ്പിൽ | 3,00,000/- | 20.05.22വരെ |
| 32 | ബോസ്, & ബിന്ദുബോസ്, ചരുവിൽ | 2,00,000/- | 09.05.22വരെ |
| 33 | സുനിൽ കുമാർ കെ.കെ, കുര്യൻപ്ലാവിൽ | 2,00,000/ | 09.05.22വരെ |
| 34 | എ.ജി. പ്രസാദ്, അലിമാക്കൽ | 40,000/ | 09.02.22വരെ |

സി) പട്ടികവർഗ്ഗ വിഭാഗം

| ക്രമ നം. | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | നീതു വിനോദ്, മുത്തുറുമ്പിൽ | 2,00,000/- | 21.03.22 വരെ |
| 2 | ബിനോയി ഇ.കെ, ഇലവുങ്കൽ | 3,20,000/- | 21.03.22വരെ |
| 3 | ഷൈലജ എം.കെ, ഇരുപ്പക്കൽ | 4,10,000/- | 01.07.22വരെ |
| 4 | രാധാമണി എ.എസ്, പ്ലാക്കുട്ടത്തിൽ | 2,10,000/- | 17.06.22വരെ |
| 5 | ഷീബ ബിജു, ചേറ്റുതടത്തിൽ | 2,00,000/- | 24.0522വരെ |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-38 ലൈഫ് ഭവന പദ്ധതി( ജനറൽ )- ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല.

പ്രോജക്ട് നം. 24/22

അടങ്കൽ- 96000000 രൂപ (വികസന ഫണ്ട്- 680000 + സംസ്ഥാനാനിഷ്ഠതം- 30000000 + ബ്ലോക്ക് വിഹിതം- 8520000 + ജില്ലാപഞ്ചായത്ത് വിഹിതം- 10000000 + ലോൺ- 46800000 )

ചെലവ്- 2470000 രൂപ ( വികസന ഫണ്ട്- 680000 + സംസ്ഥാനാനിഷ്ഠതം- 40000 + ബ്ലോക്ക് വിഹിതം- 480000 + ജില്ലാപഞ്ചായത്ത് വിഹിതം- 580000 + ലോൺ- 690000 )

നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ എരുമേലി സർക്കിൾ, എരുമേലി ഗ്രാമ പഞ്ചായത്ത്

മേൽ പ്രോജക്ടിൽ ഹഡ്കോ വായ്പയിൽ നിന്ന് 690000 രൂപ ചെക്ക് നം 607811/ 23.6.2021 പ്രകാരവും സംസ്ഥാനാനിഷ്ഠത ഫണ്ടിൽ നിന്ന് 40000 രൂപ ചെക്ക് നം 607810/ 23.6.2021 പ്രകാരവും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ടി ചെലവുകൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ട് കാണുന്നില്ല. കൂടാതെ ടി ചെക്ക് പ്രാകാരമുള്ള തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയതിന് രേഖാമൂലമുള്ള തെളിവുകൾ ഫയലിൽ സൂക്ഷിച്ചിട്ടുമില്ല. ടി ചെക്ക് പ്രകാരമുള്ള തുകകൾ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നൽകുവാനുള്ളതാണെന്ന് ബിൽ പകർപ്പ് പ്രാകാരം വ്യക്തമാകുന്നു.

ഹഡ്കോ വായ്പ- 690000 രൂപ

| ഗുണഭോക്താവ് | തുക |
|---|---|
| റെജിമോൾ | 100000 |
| റംലാബീവി | 90000 |

| | |
|---|---|
| ഷാമിലാ അഷറഫ് | 60000 |
| മോളി | 60000 |
| രജനി പി. ആർ | 60000 |
| ഗോപി റ്റി. ബി | 60000 |
| ഹണി തങ്കപ്പൻ | 100000 |
| ഷാഹിദ | 160000 |
| ആകെ | 690000 |

സംസ്ഥാനാനിഷ്ഠത ഫണ്ട് 40000 രൂപ

| ഗുണഭോക്താവ് | തുക |
|---|---|
| ഹസീന | 40000 |

മേൽ അപാകതകൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 24/17.10.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ബാങ്കിൽ സമർപ്പിച്ച സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് ഹാജരാക്കി. എന്നാൽ തുകകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത് നൽകിയതിന് തെളിവായി UTR നമ്പർ ഉൾപ്പടെയുള്ള രേഖകൾ ഹാജരാക്കിയില്ല. ടി രേഖകൾ ഹാജരാക്കുന്നത് വരെ മേൽ രണ്ട് ചെക്ക് പ്രകാരമുള്ള ആകെ 730000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി ചെലവ് വാർഷിക പദ്ധതി ചെലവിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

1-39 അഗതിരഹിത കേരളം-വീട് വാസയോഗ്യമാക്കൽ- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല.

പ്രോജക്ട് നം. 144/22
അടങ്കൽ- 600000 രൂപ (വികസന ഫണ്ട് പൊതുവിഭാഗം )
ചെലവ്- 300000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, എരുമേലി സർക്കിൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം താഴെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | മുൻകൂർ നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|
| ഷാജി, നാരകത്തോലിൽ, മുട്ടപ്പള്ളി | 50000 | 50/21-22 /28.2.2022 |
| സജി കെ. കെ, കേരളപ്പാറ, തുലാപ്പള്ളി | 50000 | 50/21-22 /28.2.2022 |
| ആകെ | 100000 | |

ടി ഗുണഭോക്താക്കൾ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി ഫൈനൽ ഗഡു കൈപ്പറ്റിയിട്ടില്ല. ടിയാളുകളുടെ വീടിന്റെ മെയിന്റനൻസ് പ്രവൃത്തികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-40 പഠനമുറി (ടി.എസ്.പി.)- മുൻകൂർ കൈപ്പറ്റിയവർ പണി പൂർത്തിയാക്കിയിട്ടില്ല

പ്രോജക്റ്റ് നം. 110/22
അടങ്കൽ- 600000 രൂപ (ടി.എസ്.പി. )
ചെലവ്- 300000 രൂപ
നിർവ്വഹണോദ്യോഗസ്ഥൻ- വി.ഇ.ഒ, എരുമേലി സർക്കിൾ

ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്റ്റ് പ്രകാരം താഴെ ചേർക്കുന്ന രണ്ട് ഗുണഭോക്താക്കൾക്ക് മുൻകൂർ അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | മുൻകൂർ നൽകിയ തുക | ബിൽ നം/ തീയതി |
|---|---|---|
| രാകേഷ് കെ. ആർ/ രാജൻ കെ. വി, കുമരച്ചംപറമ്പിൽ, എരുത്വപ്പുഴ. | 50000 | 54/21-22 /28.2.2022 |
| അനന്തു അനിൽ, തൈപ്ലാക്കൽ, കണ്ണിമല. | 50000 | 63/21-22 /15.3.2022 |
| ആകെ | 100000 | |

ടി ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തിയാക്കി ഫൈനൽ ഗഡു കൈപ്പറ്റിയിട്ടില്ല. ടിയാളുകളുടെ പഠനമുറിയുടെ നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 100000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-41 ലൈഫ് ഭവന പദ്ധതി- മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ല.

ലൈഫ് ഭവന പദ്ധതി എസ്.സി വിഭാഗത്തിന്റെ രജിസ്റ്റർ പരിശോധിച്ചതിൽ 40000 രൂപ വീതം മുൻകൂർ കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ അവരുടെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തതായി കണ്ടു.

| ഗുണഭോക്താവ് | കൈപ്പറ്റിയ തുക | തീയതി | ഫണ്ടിനം |
|---|---|---|---|
| ശിവൻകുട്ടി & സരസമ്മ, കുറുവാമൂഴി, കനകപ്പലം | 40000 | 15.3.2021 | വികസന ഫണ്ട് |
| രാധാമണി, ഈഴത്തൊട്ടിയിൽ, ചേനപ്പാടി. | 40000 | 27.8.2020 | വികസന ഫണ്ട് |
| ശ്രീജേഷ് എം.എസ്, മലമ്പാറ, പൊരിയന്മല | 40000 | 6.10.2021 | വികസന ഫണ്ട് |
| ആകെ | 120000 | | |

ഭവനനിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് ടിയാൾക്കാർക്ക് 2.7.2022 ൽ രജിസ്റ്റേർഡ്

തപാലിൽ കത്തയച്ചതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് വിശദാംശങ്ങൾ ലഭ്യമല്ല. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 30-ാം നമ്പർ ഓഡിറ്റ് എൻക്വറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം സംബന്ധിച്ച് പഞ്ചായത്ത് കമ്മറ്റിയെ അറിയിച്ചിട്ടുണ്ടെന്നും തുടർ നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. ടി ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-42 ഗാർഹിക കക്കൂസ് മെയിന്റനൻസ് -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

വി.ഇ.ഒ (ചേനപ്പാടി സർക്കിൾ)നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് ( നമ്പർ- 288/22) പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 532640/രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം ഒരേ തുകയല്ല ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. 5000, 2500, 2000 എന്നിങ്ങനെ വിവിധ തുകകൾ നൽകുന്നതിനാൽ രജിസ്റ്ററിന്റെ അഭാവത്തിൽ ആകെ എത്ര ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകി എന്ന് വ്യക്തമല്ല. എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ആകെ എത്ര ഗുണഭോക്താക്കൾക്കായാണ് പിൻവലിച്ച 532640/രൂപ ചെലവഴിച്ചത് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചില അപേക്ഷകരുടെ അർഹതസംബന്ധിച്ച് പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നില്ല. ശ്രീമതി.മേഴ്സി ജോർജ്, കാഞ്ഞിരത്തുംമൂട്ടിൽ, വാർഡ്-XX11 അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം അപേക്ഷക അംഗനവാടി വർക്കറും, ഭർത്താവ് സംസ്ഥാനസർക്കാർ ജീവനക്കാരനുമാണ്. മറ്റൊരു അപേക്ഷകയായ ശ്രീമതി. ലീലാമ്മ മാത്യു, ചാമപ്പാറ, വാർഡ് 18 അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം ഒന്നിലധികം സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. ശ്രീ.കുഞ്ഞുമോൻ.സി.കെ, ചൂരക്കുറ്റിയിൽ, വാർഡ്-X11, എന്ന ഗുണഭോക്താവ് അപേക്ഷയിൽത്തന്നെ പട്ടികജാതി വികസനവകുപ്പിൽ നിന്നും 12500/രൂപ കക്കൂസ് നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിരുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 21/17.10.22)ന് ലഭ്യമാക്കിയ മറുപടിയിൽ അർഹതയില്ലാത്തവർക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്നും, മറ്റ് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി.മേഴ്സി ജോർജ്, കാഞ്ഞിരത്തുംമൂട്ടിലിന് നൽകിയ 5000/ രൂപയുടേയും, ( വൗച്ചർനമ്പർ 22101117/29.12.21) ശ്രീമതി. ലീലാമ്മ മാത്യു, ചാമപ്പാറയ്ക്ക് നൽകിയ 5000/രൂപയുടേയും, ( വൗച്ചർനമ്പർ22100910/29.10.21) ശ്രീ.കുഞ്ഞുമോൻ.സി.കെ, ചൂരക്കുറ്റിയിലിന് നൽകിയ 5000/ രൂപയുടേയും ( വൗച്ചർനമ്പർ22100606/24.8.21) ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. ടി 15000/- രൂപ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-43 വികസനഫണ്ടിൽ നിന്നും പിൻവലിച്ച 1700000/ രൂപ നാളിതുവരെ ചെലവഴിച്ചിട്ടില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ( ചേനപ്പാടി) നിർവ്വഹണം നടത്തിയ കുടുംബശ്രീക്ക് റിവോൾവിംഗ് ഫണ്ട് ( നമ്പർ 147/22) എന്ന പ്രോജക്ടിനായി വികസനഫണ്ട് പോതുവിഭാഗത്തിൽ നിന്നും 07.03.2022 തീയതിയിലെ ബിൽ നമ്പർ 17/21-22 പ്രകാരം 1700000/ രൂപ പിൻവലിച്ച് കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് നൽകി. ഈ തുക കുടുംബശ്രീയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ എരുമേലി ശാഖയിലെ 57037746975 നമ്പർ അക്കൗണ്ടിൽ 24.03.22 തീയതിയിൽ വരവ് വന്നിട്ടുണ്ട്. എരുമേലി ഗ്രാമ പഞ്ചായത്തിലെ 170 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് 10000/ രൂപ വീതം റിവോൾവിംഗ് ഫണ്ട് നൽകുന്നതിനാണ് തുക പിൻവലിച്ചത്. എന്നാൽ ഓഡിറ്റ് വേളയിലും പ്രസ്തുത തുക കുടുംബശ്രീ ഗ്രൂപ്പുകൾക്ക് കൈമാറിയിട്ടില്ല. അപാകതസംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്

എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 18/17.10.22)ക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. കുടുംബശ്രീ ഗ്രൂപ്പുകളുടെ അർഹതാപരിശോധന നടത്തി മാത്രം തുക വിതരണം ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ഒടുക്കേണ്ടതാണ്. ചെലവഴിക്കാത്ത 1700000/ രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-44 ഗാർഹിക കക്കൂസ് നിർമ്മാണം -പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല

വി.ഇ.ഒ (ചേനപ്പാടി സർക്കിൾ)നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് ( നമ്പർ- 312/22) പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 60000/രൂപയും, ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും23800/രൂപയും (ബിൽ നമ്പർ338/2.3.22,383/14.3.22, 442/23.3.22) ഉൾപ്പടെ ആകെ 83800/ രൂപ ചെലവഴിച്ചതായാണ് ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ലഭ്യമാക്കിയ രജിസ്റ്റർ പ്രകാരം 27 ഗുണഭോക്താക്കൾക്ക് 15400/ രൂപ വീതം നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. തുക നൽകിയ തീയതിയോ, ബിൽ സംബന്ധിച്ച വിവരമോ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും23800/രൂപയും കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 144000/രൂപയും (ബിൽ നമ്പർ337/2.3.22,384,385/14.3.22, 441/23.3.22, 517,518/30.3.22) ഉൾപ്പടെ ആകെ 167800/ രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരമുള്ള 27 ഗുണഭോക്താക്കൾക്ക് 15400/ രൂപ വീതം നൽകുന്നതിന് പ്രസ്തുത തുക മതിയാകുകയുമില്ല. രജിസ്റ്ററിൽ ബിൽ വിശദാംശങ്ങളോ, തുക നൽകിയ തീയതിയോ രേഖപ്പെടുത്താത്തതിനാൽ തൻവർഷം ചെലവഴിച്ചതായി കാണുന്ന 167800/ രൂപ ലഭിച്ച ഗുണഭോക്താക്കൾ ആരൊക്കെയാണ് എന്ന് വ്യക്തമല്ല. ചെലവഴിച്ചതുക ചെലവ് പത്രികയിൽ പ്രതിഫലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും, തൻവർഷം പ്രസ്തുത പ്രോജക്ടിനായി പഞ്ചായത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. ലഭ്യമാക്കിയ അപേക്ഷകളിൽ ധനസഹായത്തിനുള്ള അർഹത തെളിയിക്കുന്നതിനുള്ള ഗുണഭോക്താക്കളുടെ രേഖകളുടെ പകർപ്പുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. കക്കൂസ് നിർമ്മാണം പൂർത്തീകരിച്ചത് സംബന്ധിച്ച് സാങ്കേതിക വിഭാഗത്തിൽ നിന്നുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ്, പ്രവൃത്തി പൂർത്തീകരിച്ചു എന്ന ഗുണഭോക്താവിന്റെ സാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട്, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം തുടങ്ങിയ രേഖകളിൽ ഒന്നുപോലും ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാത്ത സാഹചര്യത്തിൽ 167800/ രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-45 വയബിലിറ്റി ഗ്യാപ് ഫണ്ട് - രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്

2021-22 സാമ്പത്തിക വർഷം വി.ഇ.ഒ. ചേനപ്പാടി സർക്കിൾ ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് നൽകുന്നതിനായി രണ്ട് പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ, പേര് | ഫണ്ടിനം | ചെലവ്തുക |
|---|---|---|
| 298/22 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | വികസനഫണ്ട് | 107825 (ബിൽ നമ്പർ 8/12.10.21) |
| 324/22 ഹരിതകർമ്മസേനയ്ക്ക് വയബിലിറ്റി ഗ്യാപ് ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് | 448000(വൗച്ചർ നമ്പർ 221018835/31.3.22) |

ഹരിതകർമ്മസേന യൂസർ ഫീസ് ഇനത്തിൽ പൊതുജനങ്ങളിൽ നിന്നും പിരിക്കുന്ന തുകയിൽ പ്രവർത്തനങ്ങൾക്ക് തികയാതെ വരുന്ന തുകയാണ് വയബിലിറ്റി ഗ്യാപ് ഫണ്ട് ഇനത്തിൽ നൽകുന്നത്. ഇപ്രകാരമാണോ നൽകിയിട്ടുള്ളത് എന്ന് പരിശോധിക്കണമെങ്കിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചും, സേന പൊതുജനങ്ങളിൽ നിന്നും യൂസർഫീസ് ഇനത്തിൽ പിരിച്ചെടുത്ത തുകയുടെ വിവരവും ആകെ ചെലവ് സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. എന്നാൽ മേൽ പ്രസ്താവിച്ച വിവരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/17.10.22ന് ലഭ്യമാക്കിയ മറുപടിയിൽ പൊതുജനങ്ങളിൽ നിന്ന് യൂസർഫീസ് പിരിച്ചതിന്റെയും ആകെ ചെലവ് സംബന്ധിച്ച രേഖകളും ലഭ്യമാക്കുന്നതാണ് എന്ന് അറിയിച്ചു. രേഖകളുടെ അഭാവത്തിൽ 555825/- രൂപയുടെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1-46 ഭവന പുനരുദ്ധാരണം (ജനറൽ) ഫയൽ സൂക്ഷിപ്പിൽ അപാകതകൾ

പ്രോജക്ട് വിശകലനം (നിർവ്വഹണോദ്യോഗസ്ഥൻ/വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ചേനപ്പടി സർക്കിൾ)

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 198/22 ഭവന പുനരുദ്ധാരണം |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ചെലവ്) | 625000/ |

ഫയൽ പരിശോധനയിൽ കണ്ട പ്രധാന അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗുണഭോക്താവ് തന്റെ വീടിന് ഏതൊക്കെ ഇനം പ്രവൃത്തികളാണ് ചെയ്യാനുള്ളത് എന്നത് സംബന്ധിച്ച റഫ് കോസ്റ്റ് എസ്റ്റിമേറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കുന്നില്ല.

2) ചെയ്തപ്രവൃത്തികളുടെ മൂല്യനിർണ്ണയം നടത്തിയതിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ഡീറ്റെയിൽഡ് മൂല്യനിർണ്ണയം നടത്താതെ ഒറ്റവരിയിൽ ചെലവഴിച്ച തുക എത്രയെന്ന് പറയുകമാത്രമാണ് ചെയ്തിട്ടുള്ളത്.

3) മോണിട്ടറിംഗ് റിപ്പോർട്ട്, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, നിർവ്വഹണ ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഇവയൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

4) ഭവന പുനരുദ്ധാരണം നടത്തുന്നതിനായി നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാറിൽ ഏർപ്പെടുന്ന ഗുണഭോക്താവിന് സബ്സിഡി തുകയുടെ 50% (25000 രൂപ ബിൽനമ്പർ 267/7.2.22 )അഡ്വാൻസ് നൽകിയിട്ടുണ്ട്. ഇപ്രകാരം അഡ്വാൻസ് നൽകിയ രമേശൻ, ഇളങ്ങാട്ട്തോപ്പിൽ, വാർഡ് 4എന്ന ഗുണഭോക്താവിന്റെ അപേക്ഷയോടൊപ്പം ലഭ്യമാക്കിയ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിൽ ആകെ ചെലവഴിച്ചതുക22546.65രൂപയാണ്.

5) അഡ്വാൻസ് തുക 25000 രൂപ ( ബിൽനമ്പർ 267/7.2.22 ) കൈപ്പറ്റിയ ഹാരിസ്, പുതുപ്പറമ്പിൽ, വാർഡ് 4 എന്ന ഗുണഭോക്താവിന്റെ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ച് മൂല്യനിർണ്ണയം നടത്തി അവശേഷിക്കുന്ന തുക കൈപ്പറ്റിയിട്ടില്ല. മുൻകൂർ നൽകിയ തുക ഉപയോഗിച്ച് നടത്തിയ പ്രവൃത്തിയുടെ മൂല്യനിർണ്ണയ സർട്ടിഫിക്കറ്റും ഹാജരാക്കാത്തതിനാൽ പ്രവൃത്തി നടത്തിയിട്ടില്ല എന്ന് കാണുന്നു.

6) പ്രോജക്ട് സംബന്ധിച്ച് ഹാജരാക്കിയ രജിസ്റ്ററിൽ ഗുണഭോക്താവിന്റെ പേരിന് നേരെ നൽകുന്ന തുകഎത്രയെന്ന് എഴുതുകമാത്രമാണ് ചെയ്യുന്നത്. തുക നൽകുന്ന തീയതിയോ, ബിൽ സംബന്ധിക്കുന്ന വിവരമോ ചേർക്കുന്നില്ല. രജിസ്റ്ററിൽ ഒരിടത്തും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 11/17.10.22 ന് ലഭ്യമാക്കിയ മറുപടിയിൽ രമേശൻ, ഇളങ്ങാട്ട്തോപ്പിലിന് അധികമായി നൽകിയ

2453രൂപ തിരികെ ഈടാക്കുന്നതാണ് എന്നും അഡ്വാൻസ് കൈപ്പറ്റിയ ഹാരിസ്, പുതുപ്പറമ്പിലിന്റെ ഭവനപുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും , രജിസ്റ്ററിലെ അപാകതകൾ പരിഹരിച്ച് അറിയിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ക്രമ നമ്പർ 4,5 എന്നിവ പ്രകാരം അനുവദിച്ച തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ചെലവുകൾ 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-47 കാലിബാരലുകൾ വില ഈടാക്കാത്തത്

സി.പി.ഡബ്ല്യൂ.ഡി സ്പെസിഫിക്കേഷൻ 16.4.2.1അനുസരിച്ച് ടാറിംഗ് പ്രവൃത്തികളിൽ കാലിബാരലുകൾ കേടുപാടുകൾ കൂടാതെ തിരിച്ച് നല്കിയില്ലെങ്കിൽ വില ഈടാക്കാവുന്നതാണ്. ഇതിന് വകുപ്പ് വില നിശ്ചയിച്ചിട്ടുള്ളത് 238/-രൂപയും ജി.എസ്.റ്റിയുമാണ്. താഴെപറയുന്ന പ്രവൃത്തിയിൽ കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്തിട്ടില്ല.

| പ്രവൃത്തിവിശദാംശങ്ങൾ | ഉപയോഗിച്ച ബിറ്റുമിൻ ബാരലുകളുടെ എണ്ണം | ഈടാക്കേണ്ടിയിരുന്ന തുക |
|---|---|---|
| പാക്കാനം - ഇഞ്ചക്കുഴി റോഡ് ടാറിങ്ങ് പ്രോജക്ട് നം 246/21-22എം ബുക്ക് നം25/21-22കരാറുകാരൻ -അനന്തു ഷാജി | 10 | രൂ2380 +ജി.എസ്.റ്റി 18% രൂ 428/- |
| ആകെ | 10 | രൂ2380+ജി.എസ്.ടി 428/ |

കാലിബാരൽ തിരികെ നല്കുകയോ വില ഈടാക്കുകയോ ചെയ്ത് വിവരം രേഖാമൂലം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടു നൽകിയ അന്വേഷണക്കുറിപ്പിന് (നം. 08/15.10.22) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. കാലിബാരൽ വില ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-48 അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ കരാർ വയ്ക്കുന്നതിൽ വീഴ്ച

കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ (അറിയിപ്പ് കത്ത് രജിസ്റ്റർ ചെയ്ത തീയതി നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കും) 14 ദിവസത്തിനകം പിഴ കൂടാതെയും തുടർന്ന് 10 ദിവസം കരാർ തുകയുടെ 1% പിഴ ഈടാക്കിയും കരാറിലേർപ്പെടാൻ കരാറെടുത്ത ആൾക്ക് അനുമതി നൽകാവുന്നതാണ്. എന്നാൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയ പല പ്രവൃത്തികളിലും പൊതുമരാമത്ത് മാന്വൽ പ്രകാരമുള്ള സമയക്രമം പാലിക്കാത്തതിന് പിഴ ഈടാക്കിയിട്ടുള്ളതായി കാണുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ട്/നമ്പർ | കരാറുകാരൻ | പി.എ.സി (രൂപ) | സെലക്ഷൻ നോട്ടീസ് പ്രകാരം | ഈടാക്കേണ്ട പിഴ 1% (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | കരാർ വെയ്ക്കേണ്ട തീയതി/ കരാർ വച്ച തീയതി | |
| 1 | പാറക്കടവ് ചുക്കാനയിൽ റോഡ് 315/21-22 | ഗിരീഷ് കുമാർ പി.എം | 222978.95 | 2-12-2021/ 13-01-2022 | 2230 |
| 2 | പൂതക്കുഴി ആനക്കല്ല് റോഡ് 72/21-22 | അനന്തു ഷാജി | 437392.57 | 24-12-2021 13-01-2022 | 4374 |
| 3 | അമ്മാവൻപടി പാറമട റോഡ് കോൺക്രീറ്റിങ്ങ് 54/22 | മുഹമ്മദ് ഇക്ബാൽ | 222978.95 | 29-09-2021 07-12-2021 | 2230 |
| 4 | നെട്ടും കാവ് വയൽ വെൽഫെയർ സ്കൂൾ അടുക്കള നിർമ്മാണം 268/21-22 | ഗോപാലൻ പി.ആർ | 178196.27 | 30.06.2021 07.07.2021 | 1782 |
| 5 | 96/22 കുന്നത്തുപടി ജീരകത്തിൽപടി റോഡ് കോൺക്രീറ്റിങ്ങ് | ഗിരീഷ് കുമാർ | 223165.41 | 30.06.21 17.12.21 | 2231 |
| 6 | 271/22തമ്പുരാൻ കുന്ന് റോഡ് പുനരുദ്ധാരണം | ടോണി കുര്യൻ | 223167.32 | 29.09.21 16.12.21 | 2231 |
| 7 | കൊടിത്തോട്ടം അംഗനവാടി മെയിന്റനൻസ് 136/21-22 | അനന്തു ഷാജി | 124431.62 | 1.02.22 28.02.22 | 1244 |
| 8 | വട്ടം കുഴി ശാന്തിപുരം കോളനി റോഡ് 86/21-22 | ,ഷെഹിം വി എസ്. | 133754.78 | 24.12.21 25.01.22 | 1338 |
| 9 | വള്ളത്തു പടി പാറക്കടവ് റോഡ് കോൺക്രീറ്റിങ്ങ്114/21-22 | പി എ ചാക്കോ | 2,00,000 | 24.12.21 13.01.22 | 2,000 |

കരാറുകാരിൽ നിന്നും പിഴ ഈടാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണന്ന് ചൂണ്ടിക്കാട്ടി നൽകിയ അന്വേഷണക്കുറിപ്പ് (നം. 8/15.10.22)ന് നിർവ്വഹണോദ്യോഗസ്ഥൻ നൽകിയ മറുപടി പ്രകാരം തുക ഈടാക്കി രസീത് പകർപ്പ് ലഭ്യമാക്കുമെന്നറിയിച്ചിട്ടുണ്ട്. രസീത് പകർപ്പ് ലഭ്യമാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

1-49 കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെട്ട പദ്ധതികൾ പൂർത്തിയാക്കിയിട്ടില്ല.

പഞ്ചായത്ത് കോസ്റ്റ്ഫോർഡുമായി കരാ റിലേർപ്പെട്ട് നിർവ്വഹണം ആരംഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ല .

1.എൽ.പി.ജി ക്രിമറ്റോറിയ ം

പ്രോജക്ട് നം -232/22

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ്എഞ്ചിനീയർ

എരുമേലി പഞ്ചായത്തിൽ കവുങ്ങും കുഴിയിലുള്ള സ്ഥലത്ത് എൽ പി ജി ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് 2018-19 ൽ 201/2019 നമ്പരായി പ്രോജക്ട് തയ്യാറാക്കി 84/AE/LSGD/EGP DT.16-1-2019, 129/AE/LSGD/EGP DT.25-5-2019 നമ്പരായി അക്രഡിറ്റഡ് ഏജൻസി എന്ന നിലയിൽ കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെട്ടു.എന്നാൽ പ്രവ്യത്തി നാളിതു വരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. നാളിതുവരെയുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

കെട്ടിടം

| ബിൽ വിവരം | നമ്പർ | തീയതി | തുക |
|---|---|---|---|
| ആദ്യ പാർട്ട് ബില്ല് | 84 | 18.01.2020 | 416100 |
| രണ്ടാം പാർട്ട് ബില്ല് | 73 | 15.09.2020 | 832200 |
| മൂന്നാം പാർട്ട് ബില്ല് | 23 | 27.12.2021 | 661300 |
| ആകെ | | | 19,09,600/- |

ഫർണസ്

| ബിൽ വിവരം | നമ്പർ | തീയതി | തുക |
|---|---|---|---|
| ആദ്യ പാർട്ട് ബില്ല് | 110 | 19/01/2021 | 8,45,200 |
| രണ്ടാം പാർട്ട് ബില്ല് | 112 | 25/1/2021 | 8,45200 |
| ആകെ | | | 16,90,400/- |

അളവ് പുസ്തകം പരിശോധനക്ക് ഓഡിറ്റ് വിഭാഗത്തിന് ലഭ്യമാക്കിയിട്ടില്ല. പ്രവ്യത്തി നിർവ്വഹണത്തിൽ പഞ്ചായത്തിന് നിയന്ത്രണങ്ങളൊന്നും ഇല്ലാത്ത അവസ്ഥയാണ് നിലവിലുള്ളത്. പ്രവ്യത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് വിഭാഗം 18.10.2022 ൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. പദ്ധതിയുടെ ശോച്യാവസ്ഥ വ്യക്തമാക്കുന്ന പ്രധാനകെട്ടിടത്തിന്റെയും കാടുമൂടിക്കിടക്കുന്ന ജെനറേറ്റർ കെട്ടിടത്തിന്റെയും ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.







എൽ പി ജി ഇൻസിനറേറ്റർ

പ്രോജക്ട് നം -231/22

നിർവ്വഹണോദ്യോഗസ്ഥ ൻ-അസിസ്റ്റന്റ്എഞ്ചിനീയർ

എരുമേലി പഞ്ചായത്തിന്റെ കൊടിത്തോട്ടം എന്ന സ്ഥലത്ത് എൽ പി ജി ഇൻസിനറേറ്റർ നിർമ്മിക്കുന്നതിന് 2018-19 ൽ 198/2019 നമ്പരായി പ്രോജക്ട് തയ്യാറാക്കി ധനകാര്യകമ്മീഷൻ ഗ്രാന്റ് 32 ലക്ഷം രൂപയാണ് അടങ്കൽ നിശ്ചയിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 83/AE/LSGD/EGP DT.16-1-2019 നമ്പരായി കോസ്റ്റ്ഫോർഡുമായി കരാറിലേർപ്പെടുകയും ചെയ്തു. പ്രോജക്ടിന്റെ ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ബിൽ വിവരം | നമ്പർ | തീയതി | തുക |
|---|---|---|---|

| | | | |
|---|---|---|---|
| ആദ്യ പാർട്ട് ബില്ല് | 69 | 21/08/20 | 640000 |
| രണ്ടാം പാർട്ട് ബില്ല് | 103 | 31/12/20 | 295939 |
| മൂന്നാം പാർട്ട് ബില്ല് | 109 | 22/01/21 | 640000 |
| ആകെ | | | 15,75,939/- |

മേൽ പ്രവൃത്തികൾ നാളിതു വരെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പദ്ധതിയുടെ ശോച്യാവസ്ഥ വ്യക്തമാക്കുന്ന പ്രധാനകെട്ടിടത്തിന്റെയും, ഫർണസിന്റെയും പ്രവർത്തനക്ഷമമാക്കാത്ത ജെനറേറ്ററിന്റെയും ചിത്രങ്ങൾ ചുവടെ ചേർക്കുന്നു.










പൊതുമരാമത്ത് മാന്വലിൽ നിന്ന് വിഭിന്നമായി ഏജൻസിക്ക് സഹായകമായ രീതിയിൽ പിഴ ഈടാക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ഇല്ലാതെ തർക്കം പരിഹരിക്കുന്നതിന് സർക്കാർ ഇടപെടൽ മാത്രം വ്യവസ്ഥ ചെയ്താണ് കോസ്റ്റ്ഫോർഡ് പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ആയതിനാൽ കാലതാമസ്സത്തിന് പിഴ ഈടാക്കാനാവാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. കരാർ വ്യവസ്ഥ പ്രകാരം അളവ് രേഖപ്പെടുത്തൽ, ചെക്ക് മെഷർ എന്നിവ തദ്ദേശ സ്വയം ഭരണവകുപ്പിന് ചെയ്യാമെന്നിരിക്കിലും ഇവ നടത്താതെ കോസ്റ്റ്ഫോർഡിന് തുകകൾ നല്കിയിരിക്കുന്നു.എന്നാൽ അളവ് പുസ്തകം പരിശോധനക്ക് ലഭിച്ചിട്ടില്ല.എൽ.പി.ജി പോലെ വിലയേറിയ ഇന്ധനം വിനിയോഗിച്ച് മാലിന്യ നിർമ്മാർജനം എങ്ങനെ ലാഭകരമായി നടത്തുമെന്നത് വ്യക്തമല്ല. എൽ.പി.ജി ക്രിമറ്റോറിയവും, എൽ പി ജി ഇൻസിനറേറ്ററും സമാന നിർമ്മാണരീതിയിൽ നിർമ്മിച്ചതായാണ് പ്രാഥമികപരിശോധനയിൽ വ്യക്തമാകുന്നത് ഇതു സംബന്ധിച്ച് സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗസ്ഥന്റെ വിശദമായ പരിശോധന ആവശ്യമാണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പ് നം. 10/15.10.22 മറുപടിയായി പ്രവൃത്തി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയാൽ മാത്രമേ അവശേഷിക്കുന്ന തുക നൽകാനാവൂ എന്ന് ഭരണസമിതിയെ ബോദ്ധ്യപ്പെടുത്തിയതായി നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു. പദ്ധതി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-50 ബയോഫ്ലോക്ക് മൽസ്യകൃഷി ഒരു ഗുണഭോക്താവിന് ഒന്നിലധികം യൂണിറ്റിന് സബ്സിഡി അനുവദിച്ചു

പ്രോജക്റ്റ് നം. 143/22

സുഭിക്ഷകേരളം- ബയോഫ്ലോക്ക് മൽസ്യകൃഷി

അടങ്കൽ- 3174000 രൂപ ( വികസന ഫണ്ട്- 846400 + ഫിഷറീസ് വകുപ്പ്- 423000 + ഗുണഭോക്തൃവിഹിതം- 1904400 )

ചെലവ്- 621514 രൂപ (വികസന ഫണ്ട് )

നിർവ്വഹണോദ്യോഗസ്ഥൻ- ഫിഷറീസ് സബ് ഇൻസ്പെക്ടർ

എരുമേലി ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ മേൽ പ്രോജക്ടിന്റെ യൂണിറ്റ് കോസ്റ്റ് 138000 രൂപയാണ് (പഞ്ചായത്ത് വിഹിതം- 36800 + ഫിഷറീസ് വകുപ്പ്- 18400 +

ഗുണഭോക്തൃവിഹിതം- 82800 ). 23 യൂണിറ്റുകൾക്ക് 138000 രൂപ വീതം ആണ് പ്രോജക്ടിന്റെ അടങ്കലിൽ വകയിരുത്തിയിരുന്നത്. ഒരു ഗുണഭോക്താവിന് ഒരു യൂണിറ്റിന് അനുവദിക്കാവുന്ന പഞ്ചായത്ത് വിഹിതം 36800 രൂപയാണ്. ടി പ്രോജക്ട് പ്രകാരം താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ഒന്നിലധികം യൂണിറ്റുകൾക്കുള്ള സബ്സിഡി അനുവദിച്ചിട്ടുണ്ട്.

| ഗുണഭോക്താവ് | സബ്സിഡി അനുവദിച്ച തുക | യൂണിറ്റുകളുടെ എണ്ണം | ബിൽ നം/ തീയതി |
|---|---|---|---|
| രാജേഷ് മാത്യു | 147488 | 4 | 1/21-22 /4.2.2022 |
| ജോസ് സോസഫ് | 73600 | 2 | 3/21-22 /17.2.2022 |
| ഹസൻ എം | 147200 | 4 | 11/21-22 /30.3.2022 |
| സജി ജോസഫ് | 110184 | 3 | 11/21-22 /30.3.2022 |
| ആകെ | 478472 | | |

ഒരു ഗുണഭോക്താവിന് ഒന്നിലധികം യൂണിറ്റിന് സബ്സിഡി അനുവദിച്ചത് സംബന്ധിച്ച് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 31/18.10.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സുഭിക്ഷകേരളം ബയോഫ്ലോക്ക് മാർഗ്ഗരേഖപ്രകാരം ഒരാൾക്ക് 4 യൂണിറ്റ് വരെ അനുവദിക്കാവുന്നതാണ് എന്ന് അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച ആധികാരികമായ സർക്കാർ ഉത്തരവ് ലഭ്യമാക്കിയില്ല. ആധികാരിക രേഖകൾ ഹാജരാക്കുന്നത് വരെ 478472 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-51 കന്നുകുട്ടി പരിപാലനം - പ്രോജക്ട് സംബന്ധിച്ച്

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ കന്നുകുട്ടി പരിപാലനം പ്രോജക്ട് ( നമ്പർ- 169/22 ) പ്രകാരം വികസന ഫണ്ട് പൊതുവിഭാഗത്തിൽ നിന്നും 1875000/ രൂപ ( ബിൽ നമ്പർ 2/21-22/ 28.12.21) ചെലവഴിച്ചിട്ടുണ്ട്. മൂന്ന് ക്ഷീരസംഘങ്ങൾ വഴി 100ഗുണഭോക്താക്കളെ രജിസ്റ്റർ ചെയ്ത് 2/22 മുതൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. ക്ഷീര സംഘങ്ങളിൽ നിന്നുള്ള വിതരണരജിസ്റ്റർ പരിശോധിച്ചതിൽ കണമല സൊസൈറ്റി മുഖാന്തിരം രജിസ്റ്റർ ചെയ്ത ശ്രീ. വർഗീസ്.വി.സി, വള്ളിക്കാട്ടിൽ എന്ന ഗുണഭോക്താവ് 6/22 വരെ മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. ചേനപ്പാടി സൊസൈറ്റി മുഖാന്തിരം രജിസ്റ്റർ ചെയ്ത ശ്രീ. റ്റി.എൻ.സോമൻ, തുരുത്തിയിൽ എന്ന ഗുണഭോക്താവ് ആകെ രണ്ട് മാസം (2/22 , 3/22) മാത്രമേ കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. മേൽ പ്രസ്താവിച്ച ഗുണഭോക്താക്കളുടെ കിടാരികൾ മരണപ്പെട്ടുപോയതാണ് എങ്കിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിച്ചതിന്റെ വിവരവും, രണ്ട് ഗുണഭോക്താക്കൾക്കുമായുള്ള കാലിത്തീറ്റ വിതരണം അവസാനിപ്പിക്കുന്നതിനും ഒടുക്കിയതിൽ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേയ്ക്ക് അടവാക്കിയ നടപടികളുടെ വിവരവും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച 1875000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-52 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

2021-22സാമ്പത്തിക വർഷം തനത് ഫണ്ടിൽ നിന്നും നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | നിക്ഷേപിച്ച | വൗച്ചർ നം./ചെക്ക് |
|---|---|---|

| | തുക | നം |
|---|---|---|
| കവുങ്ങുംകുഴി പൊതുശ്മശാനത്തിലേയ്ക്ക് ത്രീ ഫേസ് ലൈൻ വലിക്കൽ | 36808 | 22100097/23.4.21<br>171237/22.4.21 |
| പോസ്റ്റ് ഷിഫ്റ്റിംഗ് പൊരിയൻമല അങ്കണവാടി | 13412 | 2100312/21.6.21<br>012212/14.6.21 |
| ആകെ | 50220 | |

കെ.എസ്.ഇ.ബിയിൽ ഡിപ്പോസിറ്റ് ചെയ്ത 50220/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (നം.23/തീ17.10.22) വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമായിട്ടില്ലെന്നും,വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും അറിയിച്ചു.വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവഴിച്ച 50220/-രൂപ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗാർഹിക കക്കൂസ് മെയിന്റനൻസ് -പ്രോജക്ട് നടത്തിപ്പിൽ അപാകതകൾ

വി.ഇ.ഒ (ചേനപ്പാടി സർക്കിൾ)നിർവ്വഹണം നടത്തിയ പ്രസ്തുത പ്രോജക്ട് ( നമ്പർ- 288/22) പ്രകാരം കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 532640/രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ അപേക്ഷകളിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂല്യനിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരം ഒരേ തുകയല്ല ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നത്. 5000, 2500, 2000 എന്നിങ്ങനെ വിവിധ തുകകൾ നൽകുന്നതിനാൽ രജിസ്റ്ററിന്റെ അഭാവത്തിൽ ആകെ എത്ര ഗുണഭോക്താക്കൾക്ക് പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകി എന്ന് വ്യക്തമല്ല. എല്ലാ അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ ആകെ എത്ര ഗുണഭോക്താക്കൾക്കായാണ് പിൻവലിച്ച 532640/രൂപ ചെലവഴിച്ചത് എന്നതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

ലഭ്യമാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചില അപേക്ഷകരുടെ അർഹതസംബന്ധിച്ച് പരിശോധന നടത്തിയിട്ടുള്ളതായി കാണുന്നില്ല. ശ്രീമതി.മേഴ്സി ജോർജ്, കാഞ്ഞിരത്തുംമൂട്ടിൽ, വാർഡ്-XXII അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം അപേക്ഷക അംഗനവാടി വർക്കറും, ഭർത്താവ് സംസ്ഥാനസർക്കാർ ജീവനക്കാരനുമാണ്. മറ്റൊരു അപേക്ഷകയായ ശ്രീമതി. ലീലാമ്മ മാത്യു, ചാമപ്പാറ, വാർഡ് 18 അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പ് പ്രകാരം ഒന്നിലധികം സർക്കാർ ജീവനക്കാർ ഉൾപ്പെട്ടിട്ടുള്ളതായി

കാണുന്നു.ശ്രീ.കുഞ്ഞുമോൻ.സി.കെ, ചൂരക്കുറ്റിയിൽ, വാർഡ്-XII എന്ന ഗുണഭോക്താവ് അപേക്ഷയിൽത്തന്നെ പട്ടികജാതി വികസനവകുപ്പിൽ നിന്നും 12500/രൂപ കക്കൂസ് നിർമ്മാണത്തിന് ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കിയിരുന്നു. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/17.10.22ന് ലഭ്യമാക്കിയ മറുപടിയിൽ അർഹതയില്ലാത്തവർക്ക് നൽകിയ തുക തിരികെ ഈടാക്കുന്നതാണ് എന്നും, മറ്റ് അപാകതകൾ പരിഹരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. ശ്രീമതി.മേഴ്സി ജോർജ്, കാഞ്ഞിരത്തുംമൂട്ടിലിന് നൽകിയ 5000/ രൂപയുടേയും, (വൗച്ചർനമ്പർ 22101117/29.12.21) ശ്രീമതി. ലീലാമ്മ മാത്യു, ചാമപ്പാറയ്ക്ക് നൽകിയ 5000/രൂപയുടേയും, (വൗച്ചർനമ്പർ22100910/29.10.21) ശ്രീ.കുഞ്ഞുമോൻ.സി.കെ, ചൂരക്കുറ്റിയിലിന് നൽകിയ 5000/ രൂപയുടേയും (വൗച്ചർനമ്പർ22100606/24.8.21) ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അനർഹമായി ചെലവഴിച്ച 15000/- രൂപ ഗുണഭോക്താക്കളിൽ നിന്ന് തിരികെ ഈടാക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 25/07/2022-ലെ I(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായും സെക്രട്ടറിയുടെ 27/07/2022 ലെ A1-180/2022 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 10/10/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2021-22 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 2,908,200/- രൂപയും കോട്ടയം ജില്ലാ പഞ്ചായത്തിൽ നിന്ന് 4,497,060/- രൂപയും ലഭിച്ചിട്ടുണ്ട്. പഞ്ചായത്ത് ഫണ്ടിൽ നിലനിന്നിരുന്ന ബ്ലോക്ക് പഞ്ചായത്ത് സംയുക്ത പ്രോജക്ട് ഫണ്ട് 812,897/- രൂപയും തൻവർഷം ചെലവഴിച്ചു. സംയുക്ത പ്രോജക്ട് ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി 2021-22 | 2021-22 | 480,000/- | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ(24/22) | 480,000/- | 0 |
| | 2021-22 | 860,000/- | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ(138/22) | 860,000/- | 0 |
| | 2021-22 | 385,200/- | അംഗൻവാടി പോഷകാഹാരം(16/22) | 385,200/- | 0 |
| | 2021-22 | 183,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 183,000/- | 0 |

| | | | | | |
|---|---|---|---|---|---|
| | | | പദ്ധതി(23/22) | | |
| | 2021-22 | 1,000,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(7/22) | 1,000,000/- | 0 |
| | ആകെ | 2,908,200/- | ആകെ ബ്ലോക്ക് വിഹിതം 2021-22 | 2,908,200/- | 0 |
| ബ്ലോക്ക് പഞ്ചായത്ത് കാഞ്ഞിരപ്പള്ളി മുൻ വർഷങ്ങളിൽ ലഭിച്ചത് | ലഭ്യമല്ല | - | പാലിയേറ്റീവ് കെയർ(188/22) | 342,128/- | - |
| | | - | ആനക്കല്ല് റോഡ് കോൺക്രീറ്റിങ്ങ് വാർഡ്-19(266/22) | 121,027/- | - |
| | | - | പെൻഷൻ ഭവൻ റോട്ടറി ക്ലബ് റോഡ് കോൺക്രീറ്റിങ്ങ് (363/22) | 149,869/- | - |
| | | - | ആസാദ് പടി (കണ്ണൻപടി) ഗവ. ആശുപത്രി റോഡ് മെയിന്റനൻസ് വാർഡ്-20(267/22) | 199,873/- | - |
| | ആകെ പഞ്ചായത്ത് ഫണ്ടിലുള്ള ബ്ലോക്ക് വിഹിതം ചെലവഴിച്ചത് | | | 812,897/- | - |
| കോട്ടയം ജില്ല പഞ്ചായത്ത് | 2021-22 | 580,000/- | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ(24/22) | 580,000/- | 0 |
| | 2021-22 | 867,060/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(7/22) | 867,060/- | 0 |
| | 2021-22 | 2,500,000/- | ലൈഫ് ഭവന നിർമ്മാണ പദ്ധതി-ജനറൽ(138/22) | 2,500,000/- | 0 |
| | 2021-22 | 550,000/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി(7/22) | 550,000/- | 0 |
| | ആകെ | 4,497,060/- | ജില്ല പഞ്ചായത്ത് വിഹിതം | 4,497,060/- | 0 |

മുൻവർഷങ്ങളിൽ ലഭിച്ച് ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 812,897/- രൂപയുടെ ചെലവ് 320700204 ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിരിക്കുന്നത്. സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(എ.സി.ആർ.) സൂക്ഷിച്ചിട്ടില്ല എന്നതിനാൽ പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്നതും ചെലവഴിക്കുന്നതുമായ സംയുക്ത പ്രോജക്ട് ഫണ്ടുകൾ ലഭിച്ച കാലയളവ്, ലഭിച്ച ഉദ്ദേശ്യം തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ലഭ്യമല്ല. ആയതിനാൽ പ്രസ്തുത ഫണ്ടുകളുടെ ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകളുടെ കൃത്യത വ്യക്തമല്ല. ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന് എ.സി.ആർ. കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ പഞ്ചായത്ത് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി. യിൽ സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലൂടെ 2494029/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ(350/22) | 1,460,602/- | ഇല്ല | 1,460,602/- |
| | വാർഡ്-19 സ്ട്രീറ്റ് മെയിൻ | 149,506/- | ഇല്ല | 149,506/- |

| | | | | |
|---|---|---|---|---|
| | വലിക്കൽ(201/22) | | | |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ്-2 വാർഡ്-7 വാർഡ്-6(205/22) | 448,431/- | ഇല്ല | 448,431/- |
| | സ്ട്രീറ്റ് മെയിൻ വലിക്കൽ വാർഡ്-12(203/21) | 100,950/- | ഇല്ല | 100,950/- |
| | വാർഡ്-1 സ്ട്രീറ്റ് മെയിൻ വലിക്കൽ(211/22) | 149,978/- | ഇല്ല | 149,978/- |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 134,342/- | ഇല്ല | 134,342/- |
| | കവുങ്ങുംകുഴി പൊതുശ്മശാനത്തിലേക്ക് ത്രീഫേസ് ലൈൻ വലിക്കൽ | 36,808/- | ഇല്ല | 36,808/- |
| | പോസ്റ്റ് ഷിഫ്റ്റിംങ്ങ് പൊരിയൻമല അങ്കണവാടി | 13,412/- | ഇല്ല | 13,412/- |
| ആകെ | | 2,494,029/- | - | 2,494,029/ |

2,494,029/- രൂപയുടെ നിക്ഷേപം 31/03/2022 ബാലൻസ് ഷീറ്റ് ബി-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല. വിവിധ ഏജൻസികളിലെ നിക്ഷേപം അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി വിശദാംശം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. അക്കൗണ്ടിങ്ങ് അപാകത പരിഹരിക്കേണ്ടതും മുൻകൂർ രജിസ്റ്ററിലെ കണക്കുകൾ കൃത്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | ജിഒ (എം.എസ്) 68/2018/ തസ്വഭവ/18.5.2018 | 14,052,796/- | 1,030,000/- | 3,417,333/- | - | 11,665,463/- |

സെക്രട്ടറിയുടെ 355/22,358/22,392/22 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(General) നിന്നും 2,252,600/- രൂപയും 359/22,393/22,356/22 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(SCSP) യിൽ 1,089,480/- രൂപയും 360/22,394/22 നം. പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ടിൽ(TSP) യിൽ 75,253/- രൂപയും എന്നിങ്ങനെ ആകെ 3,417,433/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചാണ് വായ്പ തിരിച്ചടവ് നടത്തിയത്. KURDFC വായ്പയുടെ വിശദാംശം രേഖപ്പെടുത്തി വായ്പ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി ഓരോ സാമ്പത്തിക വർഷത്തെയും സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-22 ധനകാര്യ പത്രിക പ്രകാരം സ്ഥിരനിക്ഷേപമിനത്തിൽ തുകയൊന്നും നിക്ഷേപിച്ചിട്ടില്ല. 31/03/2022 ലെ ബാലൻസ് ഷീറ്റ് പ്രകാരം സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ 180400101 ശീർഷകത്തിൽ 4,771/- രൂപ വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം./തീയതി |
|---|---|---|---|---|
| 2020-21 | Audit Enquiry No.1/12.10.2021 | 2,690/- | കമലാക്ഷിയമ്മ ഷുക്കൂർ മുഹമ്മദ് അബ്രഹാം സ്കറിയ | 121020102390 Dated 18/11/2021 |
| 1998-99 | Para-18, 19(2), 32,34 | 1,701/- | പോൾ ജേക്കബ് | 03/01/2022 ലെ 121020104615 മുതൽ 121020104625 വരെ രസീതുകൾ |
| 2007-08 | Para 2-1(b) | 380/- | വിപിൻ കൃഷ്ണ | 121020105284 Dated 29/01/2022 |

പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം. ,തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-3-1<br>2-3-2 | 2016-17 | അനുബന്ധം -5 | തൊഴിൽ നികുതി | |
| 2015 പ്രവർത്തന ക്ഷമത റിപ്പോർട്ട് | 4-ഇ | 2015-16 | 3-7-1 | എസ്.സി./എസ്.ടി. കർമ്മസമിതി നിർദ്ദേശം പാലിച്ച് പദ്ധതി നിർവ്വഹണം നടത്തുന്നില്ല | |
| 2010-11 | - | 2012-13 | 2-8 പേജ് 30 | -തൊഴിൽ പരിശീലന പദ്ധതികൾ(തുടർസാക്ഷരത അവലോകനം) | |
| 2011-12 | - | 2011-12 | - | കാർഷിക പദ്ധതികളും കൃഷിഭവനും പ്രവർത്തനാവലോകനം | |

| | | | | | |
|---|---|---|---|---|---|
| 2013-14 | - | 2014-15 | 4-1-2 | ആധുനിക അറവുശാല നിർമ്മാണം പൂർത്തീകരിച്ചില്ല | |
| 2012-13 | - | 2014-15 | 4-1-6 | കാർഷിക വിജ്ഞാന കേന്ദ്രം- പണി പൂർത്തീകരിച്ചില്ല | |
| 1997-98 | 28 | 1999 | 3-14(a) | 2.5 ലക്ഷം രൂപയുടെ തിരിച്ചടവ് അവ്യക്തം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 1997-98 | 28 | 1999 | 3-14(b) | സെക്രട്ടറി സ്വന്തം നിലയിൽ പണം നൽകിയത്ക്രമവിരുദ്ധം | |
| 1999-00മുതൽ 2001-02 വരെ | 2-20 | 2004-05 | 2(3) | ജനകീയാസൂത്രണം അവലോകനം തയ്യൽ റെഡിമെയ്ഡ് യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല-895166 രൂപയുടെ ചെലവ് | |
| 1997-98 | ഖ-I(b) | 1999-2000ഖ IV | | ജനകീയാസൂത്രണ പദ്ധതി | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

എരുമേലി ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്ജ്/സർച്ചാർജ്ജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | : | 191,991,396/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 165,510,822/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 15000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 12,007,244/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-1 | - | 15,000/- | , സന്തോഷ് കുമാർ കെ ദേവ്, വി.ഇ.ഒ (ചേനപ്പാടി സർക്കിൾ) |

| | | | |
|---|---|---|---|
| ആകെ | ഇല്ല | 15000/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 30,000/- | വി.കെ. രാജീവ്, സെക്രട്ടറി |
| 1-31 | 828,932/- | രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-32 | 1,405,323/-<br>3,345,872/- | വി.കെ. രാജീവ്, സെക്രട്ടറി<br>രേണുകാദേവി അമ്മാൾ എസ്, സെക്രട്ടറി |
| 1-33 | 50,000/- | ഷാജി പി.എം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 440,000/- | അജേഷ് വി, വി.ഇ.ഒ, എരുമേലി |
| 1-36 | 100,000/- | ,, |
| 1-38 | 730,000/- | ,, |
| 1-39 | 100,000/- | ,, |
| 1-40 | 100,000/- | ,, |
| 1-43 | 1,700,000/- | സന്തോഷ് കുമാർ കെ ദേവ് , വി.ഇ.ഒ, |
| 1-44 | 167,800/- | ,, |
| 1-45 | 555,825/- | ,, |
| 1-46 | 50,000/- | ,, |
| 1-50 | 478,472/-- | കണ്ണൻ പി, ഫിഷറീസ് സബ് ഇൻസ്പെക്ടർ |
| 1-51 | 1,875,000/ | ഡോ. സുബിൻ എം.എസ്, വെറ്റിനറി സർജൻ |
| 1-52 | 36,808/-<br>13,412/- | എം.എൻ വിജയൻ, സെക്രട്ടറി<br>മണിയപ്പൻ പി.പി. സെക്രട്ടറി ഇൻ ചാർജ് |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-16, 1-17, 1-18

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സന്തോഷ് കുമാർ കെ ദേവ് , | വി.ഇ.ഒ, (ചേനപ്പാടി സർക്കിൾ) | കാവുങ്കൽ<br>പനച്ചേപ്പള്ളി (പി.ഒ)<br>കാഞ്ഞിരപ്പള്ളി<br>പിൻ -686518 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31/10/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| 1990-91,1991-92 | എൽ.എഫ്.കെ.പി-4/895/96/ 09.04.1997/15.09.1997 | - |
| 1996-97 (ചെലവ്) | എൽ.എഫ്.കെ.പി-3/382/98/ 19.08.1998/26.02.1999 | - |
| 1997-98(ചെലവ്) | എൽ.എഫ്.കെ.പി-4/364/08/ 21.10.2009/15.12.2009 | - |
| 1998-99 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/265/2022/ 01.08.2022 | 13 |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2018/266/2022/ 01.08.2022 | 04 |
| 2002-03(ചെലവ്) | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/267/2022/ 01.08.2022 | 01 |
| 2002-03(വരവ്) | എൽ.എഫ്.കെ.പി9-368/08/ 08.03.2010 | - |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/268/2022/ 01.08.2022 | 05 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/269/2022/ 01.08.2022 | 04 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/270/2022/ 19.08.2022 | 02 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/271/2022/ 01.08.2022 | 11 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/272/2022/ 19.08.2022 | 05 |
| 2008-09 &2009-10 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/873/2022/ 19.08.2022 | 36 |
| 2010-11 & 2011-12 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/872/2022/ 19.08.2022 | 09 |
| 2012-13 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/874/2022/ 19.08.2022 | 13 |
| 2013-14 | കെ.എസ്.എ-കെ.ടി.എം.പി13/516/16/17.09.2016 | 40 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/875/2022/ 19.08.2022 | 15 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/876/2022/ 19.08.2022 | 13 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി11/അദാ-2022/1670/2022/ 19.08.2022 | 09 |
| 2017-18(Special) | കെ.എസ്.എ-കെ.ടി.എം.പി2-172/18(19)/ 07.03.2018 | - |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി11/1748/19/ 18.01.2020/16.03.2020 | 25 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി11/183/2020/ 27.04.2020/29.05.2020 | 36 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.പി11/1384/2021/ 16.05.2022/23.05.2022 | 22 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.പി11/1385/2021/ 16.05.2022/23.05.2022 | 42 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്